പറഞ്ഞു. വിജിലൻസ് എൻക്വയറി കഴിഞ്ഞ് റിപ്പോർട്ട് വന്നുവെന്ന് പത്രത്തിൽ കണ്ടു. ഞങ്ങൾക്ക് കിട്ടിയിട്ടില്ല. കിട്ടിക്കഴിഞ്ഞാൽ ഉടനെ കർശനമായ നടപടി എടുക്കുന്നതാണ്. നിങ്ങൾ പറഞ്ഞ പത്തുശതമാനം, ഉദയകുമാറിന്റെ പേരിൽ എടുക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ശ്രീ. മാണി പറഞ്ഞതുപോലെ പലപ്പോഴും വാദികൾ പ്രതികളാകും. എന്നിട്ട് കിടന്ന് ഉരുണ്ടുകളിച്ചാൽ കാര്യമില്ല.

ഏതായാലും കല്ലട ഡാമിനെ സംബന്ധിച്ചിടത്തോളം അതിന്റെ സീപ്പേജ് സാധാരണ ഗതിയിൽ മേസൺറി ഡാമിൽ സംഭവിക്കുന്നതു സംഭവിച്ചിരിക്കുകയാണ്. ഏതായാലും അത് പരിഹരിക്കാനുള്ള എല്ലാ നടപടികളും എടുത്തുകൊണ്ടിരിക്കുകയാണ്. ഒരു ജുഡീഷ്യൽ എൻക്വയറിയെ സംബന്ധിച്ചിടത്തോളം വളരെ സന്തോഷത്തോടുകൂടിയാണ് തീരുമാനിച്ചിട്ടുള്ളത്. ഈ കാര്യത്തിൽ ഒരു ബുദ്ധിമുട്ട് പ്രത്യേകിച്ച് പ്രതിപക്ഷത്തിനുണ്ട്. 1960-61 കാലഘട്ടം മുതൽ ഈ പദ്ധതി കേൾക്കാൻ തുടങ്ങിയതാണ്. 1982-ൽ ഞങ്ങൾ അധികാരത്തിൽ വരുന്നതുവരെ ഈ പദ്ധതി പ്രവർത്തനം ഇഴഞ്ഞുപോയിരുന്നു. ഇന്ന് ഈ പദ്ധതിക്ക് 176 കോടി രൂപ എസ്റ്റിമേറ്റ് തുകയാണ്. അതിൽ 134 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. എന്നാൽ ഇത് പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഈ ഗവൺമെൻറ് വന്നതിനുശേഷമാണ് ഈ ഡാമിന്റെ പണി പൂർത്തീകരിച്ചത്, റിസർവോയർ ഉണ്ടായത്. അതുമാത്രമല്ല ഈ ഡാമിനെ സംബന്ധിച്ചിടത്തോളം മൂന്നു കൊല്ലക്കാലം കൊണ്ട് 134 കോടി രൂപ ചെലവഴിച്ചു. 76 കോടിയോളം ചെലവഴിക്കും. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ ആശ്വാസം കണ്ടെത്തുവാൻ നടപടികൾ സ്വീകരിച്ചതാണ് ഈ ഗവൺമെൻറിന്റെ കുറ്റം. അതാണെങ്കിൽ അത് ഏറ്റെടുക്കാൻ ഞങ്ങൾ തയ്യാറാണ്. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. ഏതായാലും ഇവിടെ പറഞ്ഞ പരാമർശങ്ങൾക്ക് യാതൊരു കഴമ്പുമില്ല. അടിസ്ഥാനരഹിതമാണ്; അസത്യമാണ് എന്ന് ഈ സഭയെ ബോദ്ധ്യപ്പെടുത്താനാണ് ഈ സന്ദർഭം വിനിയോഗിക്കുന്നത്.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഇന്ന് വൈകുന്നേരം നാലു മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(സഭ ഉച്ചയ്ക്കുശേഷം 2.18-ന് പിരിഞ്ഞു.)

VII. നിയമനിർമ്മാണ കാര്യം

(നിയമസഭ വൈകുന്നേരം 4-മണിക്ക് വീണ്ടും ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു)

(1) 1985-ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 1985-ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

1985-ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ, ഭൂനികുതി, വനം, മൽസ്യബന്ധനം എന്ന രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം കൂടി ഞാൻ അവതരിപ്പിക്കുന്നു.

ഡോ. കെ. സി. ജോസഫ്: ഞാൻ പിൻതാങ്ങുന്നു.

ശ്രീ. പി. ജെ. ജോസഫ്: ലാൻഡ് അക്വിസിഷനെ സംബന്ധിച്ച് സെൻട്രൽ ആക്ടിൽ കാര്യമായ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തി

LIBRARY ARCHIVES Kerala Legislative Assembly

ലാണ് അതിനനുസരണമായ മാറ്റങ്ങളും കേരളാ ലാൻഡ് അക്വിസിഷൻ ആക്ടിൽ വരുത്തേണ്ടി വന്നിട്ടുള്ളത്. സെൻട്രൽ ആക്ടിൽ വളരെ പ്രസക്തമായ ചില ഭേദഗതികളും വരുത്തുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭൂമി ഏറ്റെടുക്കാനുള്ള നടപടികളും ആരംഭിച്ചാൽ മൂന്നു വർഷംകൊണ്ട് അത് പൂർത്തിയാക്കണമെന്നുള്ളതാണ്. ഇതിനു മുമ്പ്. പ്രിലിമിനറി നോട്ടിഫിക്കേഷൻ കഴിഞ്ഞാൽ ഡി. ഡി. പാസാക്കുന്നതിനുവരെയുള്ള ഒരു സമയപരിധി മാത്രമാണ് വച്ചിരുന്നത്. പ്രിലിമിനറി നോട്ടിഫിക്കേഷനു ശേഷം മൂന്നു വർഷത്തിനുള്ളിൽ ഡി.ഡി. പാസാക്കണമെന്നുമാത്രമാണ് ഒരു വ്യവസ്ഥ ഉണ്ടായിരുന്നത്. ഇപ്പോൾ അതു മാറ്റി. പ്രിലിമിനറി നോട്ടിഫിക്കേഷൻ നടത്തിയാൽ ഒരു കൊല്ലത്തിനുള്ളിൽ ഡി. ഡി. പാസാക്കണമെന്നും അതിനു ശേഷം രണ്ട് കൊല്ലത്തിനകം മറ്റ് നടപടികളും പൂർത്തീകരിക്കണമെന്നുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അപ്പോൾ, മൂന്നുകൊല്ലംകൊണ്ട് ലാൻഡ് അക്വിസിഷന്റെ എല്ലാ നടപടികളും പൂർത്തിയാക്കണം. പ്രിലിമിനറി നോട്ടിഫിക്കേഷനു ശേഷം അഞ്ച് കൊല്ലം, ആറു കൊല്ലം, എട്ട് കൊല്ലമായിട്ട് നടപടി പൂർത്തിയാകാത്ത കേസുകളും ഉണ്ടായിട്ടുണ്ട്. മൂന്നു കൊല്ലത്തിനുള്ളിൽ ഡി. ഡി. പാസാക്കിയാൽ മാത്രം മതിയായിരുന്നു. ഇനിമുതൽ മൂന്നുകൊല്ലത്തിനുള്ളിൽ നടപടികളും പൂർത്തിയാക്കിയില്ലെങ്കിൽ പ്രിലിമിനറിനോട്ടിഫിക്കേഷൻ അതോടുകൂടി ലാപ്സാവുകയാണ്. അതുപോലെതന്നെ ഒരിക്കൽ പ്രിലിമിനറി നോട്ടിഫിക്കേഷൻ ഇറക്കിയാൽ നേരത്തെ 3 (1) നോട്ടിഫിക്കേഷനായിരുന്നു. പുതിയ നിയമമനുസരിച്ച് 4 (1) നോട്ടിഫിക്കേഷനാണ്. ആ സമയം മുതൽ അവാർഡ് കൊടുക്കുന്ന സമയം വരെയുള്ള ആ കാലയളവിൽ, ഏതാണ്ട് മൂന്നു കൊല്ലക്കാലം ആ നഷ്ടപരിഹാരത്തുകയുടെ 12 ശതമാനം പലിശ കൊടുക്കണമെന്ന ഒരു വ്യവസ്ഥയുണ്ട്. അതുപോലെതന്നെ സൊലേഷ്യം 15 ശതമാനം എന്നുള്ളത് 30 ശതമാനമായി ഉയർത്തിയിരിക്കുന്നു. ഭൂമി ഉടമകളെ സംബന്ധിച്ചിടത്തോളം വളരെ കാര്യമായ ആനുകൂല്യങ്ങളും ലഭിക്കുന്ന, ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്ന ഭേദഗതികളാണ് ഇതു മൂലം വരുത്തിയിട്ടുള്ളത്. അതുപോലെ, സ്വകാര്യ കമ്പനിയ്ക്കോ, സ്വകാര്യ വ്യക്തിക്കോവേണ്ടി ഭൂമി അക്വയർ ചെയ്യാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സ്വകാര്യ കമ്പനിയിലേയോ വ്യവസായ ശാലയിലേയോ തൊഴിലാളികളുടെ ആവശ്യത്തിനുവേണ്ടി ഭൂമി എടുക്കുന്നതിന് ഇപ്പോഴും അനുകൂലമായ വ്യവസ്ഥയുണ്ട്.

അതുപോലെതന്നെ എമർജൻസി ക്ലാസ്. അടിയന്തിര നടപടിയെടുക്കുന്നതിന് ഗവൺമെന്റിനു പ്രത്യേകമായ അനുവാദം വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അങ്ങനെ ഭൂമി ഏറ്റെടുക്കുകയാണെങ്കിൽ അഡ്വാൻസ് പൊസഷനിൽ എടുക്കാൻ കഴിയും. എന്നാൽ അതേസമയം 80 ശതമാനം നഷ്ടപരിഹാരത്തുക അങ്ങനെ ഭൂമി മുൻകൂർ എടുക്കുന്ന ആ സമയത്തുതന്നെ കൊടുക്കണമെന്ന വ്യവസ്ഥയുണ്ട്. ഇതൊക്കെയാണ് സെൻട്രൽ ആക്ടിൽ വരുത്തിയിട്ടുള്ള പ്രധാനപ്പെട്ട ഭേദഗതികളും. ഇതിനു അനുസൃതമായി, നമ്മുടെ സംസ്ഥാനത്ത് പ്രായോഗികമാക്കാൻ വേണ്ടി കുറെ ഭേദഗതികളും ആവശ്യമായി വന്നു. അതിൽ സുപ്രധാനമായ ഭേദഗതി, ഗവൺമെന്റിൽ എല്ലാ കാര്യങ്ങളും ചെയ്യണം, നോട്ടിഫിക്കേഷൻ ഉൾപ്പെടെയുള്ള കാര്യം അതുപോലുള്ള കാര്യങ്ങളെല്ലാം ഗവൺമെന്റ് തലത്തിൽ എത്തണമെന്നുള്ളത്, ഗവൺമെന്റിനു പകരം റവന്യൂബോർഡിനേയും ജില്ലാ കളക്ടർമാരേയും അധികാരപ്പെടുത്തികൊണ്ടുള്ള, അവരുടെ പവ്വേഴ്സ് കുറേകൂടി ഉയർത്തിയിട്ടുള്ള പ്രധാനപ്പെട്ട ഒരു ഭേദഗതിയാണ് വരുത്തിയിട്ടുള്ളത്. ഈ നിലയ്ക്കു നമ്മുടെ സംസ്ഥാനത്തിൽ പ്രായോഗികമാക്കാൻ ആവശ്യമായ ചില്ലറ ഭേദഗതികളും മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഏതായാലും സെൻട്രൽ ആക്ടിൽ വരുത്തിയിട്ടുള്ള ഭേ

LIBRARY ARCHIVES Kerala Legislative Assembly

ഗതികളും, സംസ്ഥാനത്ത് വരുത്തിയിട്ടുള്ള ഈ ഭേദഗതികളുമുൾപ്പെടെ ലാൻഡ് അക്വിസിഷനുള്ള കാലതാമസം ഒഴിവാക്കാനും ഒരിക്കൽ സ്ഥലം നോട്ടിഫൈ ചെയ്തുകഴിഞ്ഞാൽ അതു സംബന്ധിച്ചുള്ള തീരുമാനങ്ങൾ വൈകാതിരിക്കാനും ഭൂ-ഉടമയ്ക്കു ഏറ്റവും വേഗം നഷ്ടപരിഹാരം ലഭിക്കാനുമുള്ള വ്യവസ്ഥകളുണ്ട്. അതുപോലെതന്നെ വിശദമായ എൻക്വയറി കൂടാതെ കൺസേൺഡ് പാർട്ടികൾ കൂടി യോജിക്കുകയാണെങ്കിൽ, ജില്ലാകളക്ടർക്ക് ബോദ്ധ്യപ്പെട്ട കാര്യമാണെങ്കിൽ അവാർഡ് കൊടുക്കാനുള്ള വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതെല്ലാം കാലതാമസം ഒഴിവാക്കുന്നതിന് സഹായകമായ കാര്യങ്ങളാണ്. ഇന്ന് ലാൻഡ് അക്വിസിഷൻ നടപടികളിൽ ഉണ്ടാകുന്ന കാലതാമസം പല വികസന പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആ കാലതാമസം ഒഴിവാക്കാനും അതുവഴി വികസനപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും തീർച്ചയായും ഈ ഭേദഗതികൾ സഹായിക്കും. ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഭേദഗതികൾ വഴി പൗവ്വേഴ്സ് കുറേകൂടി ഡീസെൻട്രലൈസ് ചെയ്യുകയാണ്. ഈ ഭേദഗതികൾ അംഗീകരിച്ചുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

Shri. K. Sankaranarayana Pillai : Sir, I move that the Land Acquisition (Kerala Amendment) Bill, 1985 be circulated for eliciting public opinion till 1-10-1985.

ഈ ബില്ലിലെ വ്യവസ്ഥകൾ പൊതുവായി സ്വാഗതം ചെയ്യപ്പെടാവുന്നവയാണ്. അതുകൊണ്ട് ചില പൊതുവായ കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിതന്നെ ബില്ല് അവതരിപ്പിച്ചുകൊണ്ട്, അടുത്ത കാലത്തായി സെൻട്രൽ ആക്ടിൽ വന്ന ചില ഭേദഗതികൾ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ഗവൺമെൻറിനും പൊതുജനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന ആഗ്രഹത്തോടുകൂടിയായിരിക്കണം ആ വ്യവസ്ഥകൾ വന്നിട്ടുള്ളത്. അതു സ്വകാര്യ ആവശ്യത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടതില്ല, അല്ലെങ്കിൽ ഈ നിയമമനുസരിച്ചുള്ള ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലായെന്ന് തീരുമാനിച്ചതായി പറഞ്ഞു. പക്ഷേ മറ്റൊരു രൂപത്തിൽ നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കലുണ്ട്. ലാൻഡ് അക്വിസിഷനെന്നു പറഞ്ഞാൽ വളരെ ബുദ്ധിമുട്ടുള്ളതും വേദന ഉണ്ടാകുന്നതുമായ കാര്യമാണ്. പക്ഷേ ഒഴിവാക്കാൻ കഴിയുന്ന കാര്യമല്ല. എന്നാൽ പൊതു ആവശ്യത്തിനും സ്വകാര്യ ആവശ്യത്തിനും ഭൂമിയെടുക്കുന്ന കാര്യം വരുമ്പോൾ രണ്ടും രണ്ടായി കാണണം. ഇവിടെ ഹൗസിംഗ് ബോർഡിന്റെ ആവശ്യത്തിനുവേണ്ടി ഭൂമിയെടുക്കുന്നുണ്ട്. സത്യത്തിൽ അതൊരു സ്വകാര്യ ആവശ്യമാണ്. നമുക്ക് തന്നെ അറിയാം ഗവൺമെൻറ് ഭൂമി അക്വയർ ചെയ്ത്, ഹൗസിംഗ് ബോർഡ് കെട്ടിടം കെട്ടി ഒരു ലക്ഷം രൂപയ്ക്കോ രണ്ട് ലക്ഷം രൂപയ്ക്കോ ഒരു വ്യക്തിക്ക് കൊടുത്താൽ അഞ്ച് വർഷം കഴിയുമ്പോൾ 7 ലക്ഷം എട്ട് ലക്ഷത്തിനു വിറ്റുപോയി ലാഭമുണ്ടാകുന്ന അവസ്ഥയുണ്ട്. പക്ഷേ നമുക്ക് പാർപ്പിട പ്രശ്നം ഉള്ളിടത്തോളം കാലം ഇത് ഒഴിവാക്കാൻ കഴിയുന്ന കാര്യമല്ല. ഇത് രണ്ടും രണ്ടായി കാണണം. ഗവൺമെൻറിനാവശ്യമായ ഭൂമിയെടുക്കുമ്പോൾ കാണിക്കുന്ന താൽപര്യവും ആവേശവും ശ്ലാഘനീയമാണെങ്കിലും ഹൗസിംഗ് ബോർഡിന്റെ ആവശ്യത്തിനുവേണ്ടി ഭൂമി എടുക്കുമ്പോൾ പരമാവധി ആളുകൾക്ക് ഉപദ്രവമില്ലാത്ത നിലയിൽ ഭൂമി എടുക്കേണ്ടതാണ്. ഞാൻ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. തിരുവനന്തപുരം നഗരത്തെ സംബന്ധിച്ചിടത്തോളം മണക്കാട്, നാഷണൽ ഹൈവേയിൽ മുട്ടത്തറ വില്ലേജ് വരുന്ന പ്രദേശത്ത് ആയിരക്കണക്കിന് ആളുകൾ തിങ്ങിപ്പാർക്കുന്നുണ്ട്. സർക്കാർ വീട് വച്ച് കൊടു

LIBRARY ARCHIVES Kerala Legislative Assembly

ത്തില്ലെങ്കിലും ആളുകൾ വീട് വച്ച് താമസിക്കുന്നതും നാളെ താമസിക്കാൻ കഴിയുന്നതുമായ സ്ഥലമാണ്. അവിടെയുള്ള ആളുകളെയെല്ലാം കുടിയൊഴിപ്പിച്ച് വേറെ കുറെ ആളുകളെ താമസിപ്പിക്കുക, അല്ലെങ്കിൽ അവിടെ ആരുടെയെങ്കിലും കൈയിൽ 25 സെൻറ് സ്ഥലമുണ്ടെങ്കിൽ പന്ത്രണ്ടര സെൻറ് കൈയിൽ കൊടുത്തിട്ട് ബാക്കി ഒഴിപ്പിച്ചെടുക്കുക—ആ ഒരു സമീപനം ശരിയല്ല. അതുകൊണ്ട് ആവശ്യത്തിന് ഭൂമിയെടുക്കുന്നതിന് ഗവൺമെൻറ് ആഗ്രഹിക്കുമ്പോൾ, കഴിയുന്നതും ആളുകളെ കുടിയിറക്കാതിരിക്കാൻ ശ്രദ്ധിക്കണം. മാത്രമല്ല, ജീവിതത്തിൻെറ മുഴുവൻ സമ്പാദ്യവും മുടക്കിയായിരിക്കും 25 സെൻറോ 30 സെൻറോ സ്ഥലം വാങ്ങിയത്. അതിൽ കുറെ കായ്ഫലമുള്ള തെങ്ങുകൾ ഉണ്ടായിരിക്കും. അതെല്ലാം മുറിച്ചുകളഞ്ഞ് വേറൊരാളിന് വീടുവച്ചുകൊടുക്കാൻ ശ്രമിക്കുന്ന ഈ അവസ്ഥ സർക്കാർ ആവശ്യത്തിനുവേണ്ടിയുള്ള ഭൂമിയെടുപ്പായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. അവരുടെ പാർപ്പിടപ്രശ്നം പരിഹരിക്കണം. തീർച്ചയായും അതിന് ഭൂമി കണ്ടെത്തണം. ഇതു വിചാരിക്കുമ്പോൾ പൊതു ആവശ്യത്തിന് ഭൂമിയെടുക്കുന്ന തീവ്രത, എന്തു വന്നാലും ഞങ്ങൾ എടുക്കും എന്ന സമീപനത്തോടുകൂടി, അത്തരത്തിലുള്ള ഭൂമിയെടുപ്പ് ഉണ്ടാകാൻ പാടില്ല.

ഇവിടെ സൂചിപ്പിച്ച മറെറാരു കാര്യം കാലതാമസമാണ്. അഡ്വാൻസ് പൊസഷൻ എന്ന നിലയിൽ നേരത്തേ ഭൂമിയെടുക്കുമ്പോൾ അതിൻെറ വിലയുടെ 80 ശതമാനം നൽകാനുള്ള ഒരു വ്യവസ്ഥ ഇപ്പോൾ ഉണ്ടാക്കിയതായി പറഞ്ഞു. ഇതല്ലാതെ ഒരു വ്യവസ്ഥയുണ്ട്. ഗവൺമെൻറിന് ഏതെങ്കിലും ആവശ്യം വരുമ്പോൾ ഏതെങ്കിലും പ്രദേശത്തുള്ള സ്ഥലം നോട്ടിഫൈ ചെയ്യും. അക്വിസിഷനുവേണ്ടി. എന്നാൽ എടുക്കുകയില്ല. എന്തെങ്കിലും സാങ്കേതിക കാരണംകൊണ്ട് നീണ്ടുപോകും. ഒരുപക്ഷേ കോടതിയുടെ ഇടപെടൽകൊണ്ട് നീണ്ടുപോകുന്നത് മനസ്സിലാക്കാം. പക്ഷേ സർക്കാരിൻെറ ചുവപ്പുനാടസമ്പ്രദായംകൊണ്ട്, അല്ലെങ്കിൽ കളക്ടറേറിലെ ലാൻഡ് അക്വിസിഷൻ വിഭാഗത്തിൻെറ സ്റാഫിൻെറ എണ്ണക്കുറവുകൊണ്ട്, അല്ലെങ്കിൽ ഫയലിൻെറ എണ്ണക്കൂടുതൽകൊണ്ട് തീരുമാനമെടുക്കാൻ കഴിയുകയില്ല. ഇതുണ്ടാക്കുന്ന ബുദ്ധിമുട്ട് എന്താണ്? ആകെപ്പാടെയുള്ള 50 സെൻറ് സ്ഥലം, അക്വിസിഷനു നോട്ടിഫിക്കേഷനായി. അതുകൊണ്ട് അവിടെ കിളയ്ക്കാൻ ഒക്കുന്നില്ല, വളമിടാൻ ഒക്കുന്നില്ല. എന്നാൽ ഈ സർക്കാരൊട്ട് എടുക്കുന്നുമില്ല. അതുകൊണ്ട് എവിടെയെങ്കിലും മാറിപ്പോയി അധ്വാനിച്ച് ജീവിക്കാനും ഒക്കുകയില്ല, ഉള്ള ഭൂമിയിൽ അദ്ധ്വാനിക്കാനും കഴിയുകയില്ല. ആ ഒരു ഡിലേ, (കാലതാമസം) ഇപ്പോഴും നിലവിലുണ്ട്. അതുകൊണ്ട് ഏതെങ്കിലും പ്രദേശം ആവശ്യത്തിനുവേണ്ടി അക്വയർ ചെയ്യാൻ നോട്ടിഫൈ ചെയ്തു കഴിഞ്ഞാൽ, മറ് സാങ്കേതിക പ്രശ്നങ്ങളൊന്നുമില്ലെങ്കിൽ കഴിയുന്നതും വേഗം അക്വയർ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. ഈ ബില്ലിൽ മൂന്നു വർഷമെന്നു പറയുന്ന കാലാവധി തന്നെ ന്യായീകരിക്കാവുന്നതല്ല. അത് പരമാവധിയാണ്. നമുക്കറിയാം മൂന്നുകൊല്ലം വെട്ടും കിളയലുമൊന്നുമില്ലാതെ, കൃഷിചെയ്യുന്ന ഒരു സ്ഥലം കിടന്നാൽ, ചിലപ്പോൾ ആ ഭൂമിയെ ആശ്രയിച്ച് ജീവിക്കുന്ന ഒരു കുടുംബം പട്ടിണിയിലാകും. അവർക്ക് വേറൊന്നും ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ട് ഈ കാലതാമസം അടിയന്തിരമായും ഒഴിവാക്കേണ്ടതുണ്ട്.

അതുപോലെതന്നെ സർക്കാർ ഭൂമി പൊന്നും വിലയ്ക്ക് എടുക്കുമ്പോൾ റോഡ് പാലം തുടങ്ങിയവയെ സംബന്ധിച്ചിടത്തോളം അവിടെനിന്നും മാറിക്കൊണ്ടുപോകാൻ സാധിക്കുകയില്ല. നദിക്കു കുറുകേ പാലം പണി

LIBRARY ARCHIVES Kerala Legislative Assembly

യുമ്പോൾ അവിടെത്തന്നെ ഭൂമി അക്വയർ ചെയ്യേണ്ടിവരും. അതുസമയം മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ വരുമ്പോൾ 25 ഏക്കറോ 50 ഏക്കറോ ഭൂമി വേണമെന്നു തോന്നുകയാണെങ്കിൽ അത് ഭൂമിയുള്ള സ്ഥലത്തുപോയി അക്വയർ ചെയ്യാൻ കഴിയും. പലപ്പോഴുമുണ്ടാകുന്ന ബുദ്ധിമുട്ട്, താൽപ്പര്യമുള്ള ചില ഉദ്യോഗസ്ഥൻമാർ— ആ സ്ഥാപനം വന്നാൽ ആ സ്ഥാപനത്തിൽ വളരെ എളുപ്പത്തിൽ ചെന്നെത്താൻ ഉദ്യോഗസ്ഥൻമാർ ആഗ്രഹിക്കുന്നത് സ്വാഭാവികമാണെങ്കിലും — നഗരത്തിന്റെ മദ്ധ്യത്തിൽ, അല്ലെങ്കിൽ കൂടുതൽ സൗകര്യമുള്ള സ്ഥലങ്ങളിൽ അത്തരം സ്ഥാപനങ്ങളും വരണമെന്ന് ആഗ്രഹിക്കുന്നു. അങ്ങനെ വരുമ്പോൾ അവടെ താമസിക്കുന്ന ആയിരക്കണക്കിന് ആളുകളെ കുടിയിറക്കേണ്ടിവരും. ഭൂമി ശാസ്ത്രപരമായി ആ സ്ഥാപനം അവിടെത്തന്നെ ആയിക്കൊള്ളണമെന്നില്ല. അവിടെനിന്ന് അഞ്ച് കിലോമീറ്റർ അങ്ങോട്ടോ ഇങ്ങോട്ടോ മാറി, അല്ലെങ്കിൽ പത്തോ പതിനഞ്ചോ ഏക്കർ ഒഴിഞ്ഞ സ്ഥലമുണ്ടെങ്കിൽ അല്ലെങ്കിൽ വലിയ ജൻമിമാരുടെ സ്ഥലമുണ്ടെങ്കിൽ അവിടെ ആയിപ്പോയാലും ബുദ്ധിമുട്ടില്ലാത്ത സ്ഥാപനമാണ്. അതിൽ ഒരു വൈരാഗ്യ ബുദ്ധി—അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റ് ചുണ്ടിക്കാണിച്ചുപോയി, വിദഗ്ധൻമാർ പറഞ്ഞുപോയി, അതുകൊണ്ട് എടുത്തേ പറ്റൂ എന്ന രീതിയിൽ അവിടെ കഴിയുന്ന കൂടുതൽ ആളുകളെ കുടിയിറക്കി ആ ഭൂമി ഏറ്റെടുക്കുന്ന വ്യവസ്ഥ ശരിയല്ല. അതുകൊണ്ട് ഭൂമിശാസ്ത്രപരമായി അവിടെയേ പാടുള്ളൂ എന്നുള്ള സ്ഥാപനങ്ങളൊഴികെ മറ്റ് സ്ഥാപനങ്ങൾക്ക് ഭൂമി എടുക്കുമ്പോൾ പരമാവധി ജനങ്ങളെ ഉപദ്രവിക്കാത്ത രീതിയിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലം കണ്ടുപിടിച്ച് അത് അക്വയർ ചെയ്യാൻ തയ്യാറാകണം. അതുപോലെതന്നെ ഭൂമി അക്വയർ ചെയ്യുമ്പോൾ എല്ലാ ആളുകളേയും ഒരുപോലെ കാണാൻ കഴിയുകയില്ല. ഇപ്പോൾ വരുന്ന ബുദ്ധിമുട്ട് എന്താണെന്നു വച്ചാൽ പത്തോ പതിനഞ്ചോ ഏക്കർ ഭൂമിയുള്ള സ്ഥലത്ത് നോട്ടിഫിക്കേഷൻ വന്നു കഴിഞ്ഞാൽ ആളുകൾ ഒന്നുകിൽ രാഷ്ട്രീയ സ്വാധീനംകൊണ്ട് രക്ഷപ്പെടും, അത് നടന്നില്ലെങ്കിൽ കോടതിയിൽപോയി കേസ് കൊടുക്കും. അപ്പോൾ പ്രമാണിമാരായ ജൻമിമാരായ ആളുകളുടെ ഭൂമി എടുക്കാൻ കഴിയുകയില്ല. അതേസമയം അഞ്ചോ പത്തോ സെന്റ് ഭൂമിയുള്ള പാവപ്പെട്ട ആളുകൾ, അല്ലെങ്കിൽ 20-ഓ അൻപതോ സെന്റ് ഭൂമിയുള്ള ഇടത്തരക്കാരായ ആളുകൾ. അവരുടെ ഭൂമി ആകുമ്പോൾ അവർ ഇതിന്റെ പുറകേ നടക്കുകയില്ല. അതുകൊണ്ട് അവരുടെ ഭൂമിയെടുക്കും. വീടോ, കൃഷിയോ ഒന്നുമില്ലാത്ത ഭൂമികൾ ഒഴിഞ്ഞുകിടക്കുമ്പോൾ അതിലൊന്നും ഗവൺമെന്റിന്റെ കണ്ണ് ചെല്ലാതിരിക്കുകയും കൂടുതൽ കൃഷി ചെയ്യുന്ന, വളരെയധികം വീടുകളുള്ള പ്രദേശം എടുക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ട്. ആ ഒരു സമീപനം ഇതിൽ ഉണ്ടാകാൻ പാടില്ല.

മാത്രമല്ല ഭൂമിയെടുക്കുമ്പോൾ എല്ലാപേരേയും ഒറ്റക്കണ്ണാലേ കാണാൻ കഴിയുകയില്ല. ചിലപ്പോൾ ജീവിതത്തിന്റെ മുഴുവൻ സമ്പാദ്യവും മുടക്കി ഒരാൾ അഞ്ച് സെന്റ് വാങ്ങിയെന്നിരിക്കും. ആ ഭൂമി ചിലപ്പോൾ നമുക്ക് എടുക്കേണ്ടിവരും. അത് ഒഴിവാക്കാൻ കഴിയുകയില്ല. എന്നാൽ അഞ്ച് സെന്റുകാരനേയും രണ്ട് ഏക്കറുകാരനേയും, അല്ലെങ്കിൽ മൂന്നേക്കറുകാരനേയും ഒരുപോലെ കാണരുത്. നമുക്കറിയാം. പൊന്നുംവില എന്നാണ് പറയുന്നതെങ്കിലും അത് പൊന്നും വിലയല്ല. അത് ഇരുമ്പുവില പോലുമല്ല എന്നുള്ളതാണ് സത്യം. കാരണം അതിന്റെ അടുത്ത കാലത്തു നടന്ന ഏതെങ്കിലും പ്രമാണങ്ങൾ പരിശോധിച്ചാണ് വില നിശ്ചയിക്കുന്നത്. നമുക്കെല്ലാവർക്കുമറിയാം ഒരു ലക്ഷത്തിന്റെ ഭൂമി കച്ചവടം നടക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കാൻവേണ്ടി അയ്യായിരമോ പതിനായിരമോ വച്ചു എന്നിരിക്കും. അപ്പോൾ മാർക്കറ്റ് വില കിട്ടാത്ത സാഹചര്യമുണ്ടാകും. അപ്പോൾ ജീവിത

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ മുഴുവൻ സമ്പാദ്യവും മുടക്കി അഞ്ച് സെന്റോ ആറ് സെന്റോ അല്ലെങ്കിൽ 25 സെന്റോ 50 സെന്റോ സമ്പാദിച്ചിട്ടുള്ളത് സർക്കാർ എടുത്താൽ കൈയിൽ കിട്ടുന്ന പൊന്നും വിലയെന്നു പറയുന്നത് അതിന്റെ നാലിലൊന്നോ അഞ്ചിലൊന്നോ ആയിരിക്കും. ഒരുപക്ഷേ അഞ്ച് ഏക്കറോ പത്ത് ഏക്കറോ ഉള്ള ഒരാളെ സംബന്ധിച്ചിടത്തോളം അയാൾക്ക് നഷ്ടമുണ്ടാകുമെങ്കിലും അയാൾക്ക് ജീവിതപ്രയാസമുണ്ടാവുകയില്ല. മറേത് ഒരു കുടുംബം തകരുകയായിരിക്കും ഫലം. അതുകൊണ്ട് ഒരു പരിധിയ്ക്ക് താഴെയുള്ള ഹോൾഡിംഗ്സ്, അതുമാത്രം സ്വന്തമായിട്ടുള്ളവരുടെ ഭൂമിക്കു വില നിശ്ചയിക്കുമ്പോൾ അവർക്ക് അവിടെനിന്നും മാറിപ്പോയാൽ പകരം സ്ഥലംവാങ്ങി, അല്ലെങ്കിൽ പകരം വീട് വച്ച്, അതുപോലെ ജീവിക്കാൻ സാഹചര്യമുണ്ടാക്കാനുള്ള സംവിധാനം കൂടി ഉണ്ടാക്കിയില്ലെങ്കിൽ അത് ജനങ്ങൾക്ക് ബുദ്ധിമുട്ടാണെന്നു മാത്രമല്ല, ഈ ഗവൺമെന്റിന്റെ ഭൂമി വിലയ്ക്കെടുക്കുന്ന നടപടിയുടെ നേരെ സ്വാഭാവികമായും ധാരാളം എതിർപ്പുകൾ ഉണ്ടാകുകയും ചെയ്യും. അതുകൊണ്ടാണ് പല പ്രദേശങ്ങളിലും ഭൂമിയെടുക്കാൻ ചെല്ലുമ്പോൾ ആളുകൾ സംഘടിതരായി എതിർക്കുന്നത്. അങ്ങനെ എതിർക്കുന്നതിന്റെ കാരണം അവർക്കു കിട്ടുന്ന പ്രതിഫലം കൊണ്ട് അവരുടെ ജീവിതം പറിച്ചുനടാൻ കഴിയുകയില്ലായെന്നതുതന്നെയാണ്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് ഈ നിയമം നടപ്പിലാക്കുമ്പോൾ ആ രീതിയിൽ, പാവപ്പെട്ട ആളുകളെ, ചെറിയ ഹോൾഡിംഗ്സ് ഉള്ളവരെ, അവർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ, അവരെ ജീവിക്കുന്ന സാഹചര്യത്തിൽനിന്ന് പറിച്ചെറിയാത്ത രീതിയിൽ, ഏറ്റവും കുറച്ച് ബുദ്ധിമുട്ടുകൾ മാത്രം ജനങ്ങൾക്ക് ഉണ്ടാക്കുന്ന രീതിയിൽ, വേണം ഈ നിയമം നടപ്പിലാക്കേണ്ടത് എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

Shri. V. J. Thankappan:—Sir, I move that the Land Acquisition (Kerala Amendment) Bill, 1985 be referred to a Select Committee.

സർ, ഈ ബില്ലിനെ പൊതുവേ സ്വാഗതം ചെയ്താണ് ഞാൻ സംസാരിക്കുന്നത്. ഇപ്പോൾ പൊന്നുംവിലയ്ക്കെടുക്കൽ നടപടികളിൽ നമ്മുടെ സംസ്ഥാനത്ത് വളരെയധികം കാലതാമസം ഉണ്ടാക്കുന്നുണ്ട്. കാലതാമസം ഉണ്ടാകുന്നത് നിയമത്തിന്റെ മാത്രം കുഴപ്പം കൊണ്ടാണെന്ന് എനിക്ക് അഭിപ്രായമില്ല. കാലതാമസം കൂടുതൽ ഉണ്ടാകുന്നത് സർക്കാർ മെഷീനറിയുടെ തകരാറ് കൊണ്ടാണ്. അതിൽ പ്രത്യേകിച്ചും, രാഷ്ട്രീയമോ അല്ലെങ്കിൽ മറെറന്തെങ്കിലും സ്വാധീനത്തിനോ വഴങ്ങി മന്ത്രിമാർ നൽകുന്ന സ്റേറ ഉത്തരവുകൾ കൊണ്ടാണ്. ലോക്കൽ ബോഡീസിനുവേണ്ടി ലാൻറ് അക്വിസിഷൻ നടത്തുന്നതിൽ ലോക്കൽ ബോഡീസ് മന്ത്രി യാതൊരു വിവേചനവുമില്ലാതെ സ്റേറ ഉത്തരവുകൾ നൽകാറുണ്ട്. അതുപോലെതന്നെ റവന്യൂ മന്ത്രിയുടെ മുമ്പിൽ കടലാസെത്തിയാൽ അദ്ദേഹവും യാതൊരു കാര്യവും മനസ്സിലാക്കാതെ, യാതൊരു വിവേചനവുമില്ലാതെ സ്റേറ ഉത്തരവുകൾ നൽകാറുണ്ട്. അതു കഴിഞ്ഞാൽ പിന്നെ കളക്ടർമാരും ലാൻറ് അക്വിസിഷന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമെല്ലാം ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ തടസ്സപ്പെടുത്തി, ഓരോ ഉദ്യോഗസ്ഥൻമാരുടെ മേശയ്ക്കകത്തും ആ കടലാസ് മാസങ്ങളോളവും വർഷങ്ങളോളവും ഇരിക്കുന്നതുകൊണ്ടാണ് ലാൻറ് അക്വിസിഷൻ നടപടിക്ക്, ഭൂമി പൊന്നുംവിലയ്ക്കെടുക്കൽ നടപടിക്ക് വളരെയധികം കാലതാമസമുണ്ടാകുന്നത്. അതിനുമുമ്പ് 3(1) നോട്ടിഫിക്കേഷൻ ആയിരുന്നു. ഇപ്പോൾ അതു 4(1) നോട്ടിഫിക്കേഷനായി മാറിയിട്ടുണ്ട്. നോട്ടിഫിക്കേഷനു മുമ്പുതന്നെ നടത്തേണ്ടുന്ന പ്രിലിമിനറി എൻക്വയറി വിശദമായി നടത്തി, പബ്ലിക് പർപ്പസിനുവേണ്ടിയാണോ, അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രയോജനമുണ്ടോ, അതുകൊണ്ട് ഉണ്ടാകാവുന്ന തടസ്സങ്ങൾ വളരെ വലുതാണോ, ഈവക കാര്യങ്ങളെക്കുറിച്ചെല്ലാം വിശദമായി എൻക്വയറി നടത്തിയിട്ട് വേണം 3 (1) നോട്ടിഫിക്കേഷൻ കളക്ടർ പുറപ്പെടുവിക്കാൻ. ഇതു യാതൊന്നും അന്വേഷിക്കാതെ ഹൗസിംഗ് ബോർഡോ ഏതെങ്കിലും സൊസൈറ്റിയോ എടുക്കാതെ ബോർഡിലെ ആരെങ്കിലും എഴുതിഅയയ്ക്കുന്ന റസല്യൂഷന്റെ അല്ലെങ്കിൽ റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ യാതൊരു അന്വേഷണവും. ഇതു സംബന്ധിച്ചു നടത്താതെ 3(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതുകൊണ്ടാണ് 3 (1) നോട്ടിഫിക്കേഷൻ സ്റ്റേ ചെയ്യണമെന്നുള്ള നിവേദനവുമായി മന്ത്രിമാരുടെയും റവന്യൂബോർഡിന്റേയും മുമ്പിൽ ആളുകൾ വരാൻ ഇടയാകുന്നത്. ശ്രീമാൻ ശങ്കരനാരായണപിള്ള ചൂണ്ടിക്കാണിച്ച പ്രത്യേക കാരണങ്ങളുണ്ട്. ഹൗസിംഗ് ബോർഡിനു സ്ഥലമെടുക്കുന്ന തിരുവനന്തപുരം സിറ്റിയ്ക്ക് തൊട്ടു അടുത്തുള്ള പഞ്ചായത്തുകളിൽ, പ്രത്യേകിച്ചു എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട നേമം പഞ്ചായത്തിൽ ആളുകൾ സ്ഥിരമായി താമസിച്ചുകൊണ്ടിരുന്ന ആ പ്രദേശത്തു പത്ത്, ഇരുപത്തിയഞ്ച് ഏക്കർ സ്ഥലം അക്വയർ ചെയ്യാൻ ഹൗസിംഗ് ബോർഡ് തീരുമാനിച്ചു. അവിടെ പത്ത് അൻപതോളം ആളുകൾ വീടുവച്ച് കൃഷിചെയ്തു എത്രയോ വർഷങ്ങളായി താമസിക്കുന്നു. അങ്ങനെയുള്ള സ്ഥലം ഹൗസിംഗ് ബോർഡ് അക്വിസിഷൻ നടത്തുന്നതിനുവേണ്ടിയുള്ള 3 (1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. മന്ത്രി അതു സ്റ്റേ ചെയ്തു. വീണ്ടും അത് അക്വയർ ചെയ്യുമെന്നുള്ള ഭീഷണിയുമായി ഹൗസിംഗ്ബോർഡ് നിൽക്കുന്നു. ഇതുപോലുള്ള കാര്യങ്ങളിൽ അഴിമതി നടക്കുന്നുവെന്ന് വ്യക്തമായി ഉദാഹരണങ്ങളും സഹിതം ചൂണ്ടിക്കാണിക്കാൻ കഴിയും. 3 (1) നോട്ടിഫിക്കേഷൻ യാതൊരു പരിശോധനയും കൂടാതെയാണ്. ഹൗസിംഗ്ബോർഡിലെ ഉദ്യോഗസ്ഥൻമാർ പുറപ്പെടുവിക്കുക. എന്തിനാണ് അതു ക്യാൻസൽ ചെയ്യുന്നതിൽ, അതു ഒഴിവാക്കുന്നതിനു അല്ലെങ്കിൽ കുറെ പ്രദേശങ്ങളെങ്കിലും ഒഴിവാക്കുന്നതിനു വസ്തു ഉടമകളിൽനിന്നു അല്ലെങ്കിൽ വീട്ടുടമകളിൽനിന്നു പണം വാങ്ങിക്കുക—ലാൻഡ് അക്വിസിഷന്റെ ഭാഗമായി ഹൗസിംഗ് ബോർഡിലെ ഉദ്യോഗസ്ഥൻമാർ കുറെക്കാലമായി നടത്തിക്കൊണ്ടിരിക്കുന്ന ഒരു കളിയാണിത്. ഹൗസിംഗ്ബോർഡ് അല്ല ആരുതന്നെയായാലും ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്നതിനുവേണ്ടി അക്വിസിഷൻ നടത്തിയാൽ ആവക കാര്യങ്ങളിൽ അവധാനതയോടുകൂടി സത്യസന്ധതയുള്ള ഉദ്യോഗസ്ഥൻമാരെക്കൊണ്ട് വിശദമായി അന്വേഷിച്ചതിനുശേഷം ഇതു പ്രായോഗികമാണോ, എവിടെയാണ് വേണ്ടതേ, വളരെ കുറച്ചു ജനങ്ങൾക്കുമാത്രമേ ബുദ്ധിമുട്ട് ഉണ്ടാവുകയുള്ളോ എന്നതിനെക്കുറിച്ചെല്ലാം വിശദമായി പരിശോധിച്ചതിനുശേഷം ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലേ അക്വിസിഷന്റെ പ്രാഥമിക നടപടികളനുസരിച്ചുള്ള നോട്ടിഫിക്കേഷൻ ഉണ്ടാകാവൂ എന്നു വ്യക്തമായ നിർദ്ദേശം ഗവൺമെന്റ് നൽകണം. ഇപ്പോഴും കൊണ്ടുവന്നിരിക്കുന്ന അമെൻറുമെന്റ് അനുസരിച്ചു നിയമപരമായി വളരെവേഗം അക്വിസിഷൻ നടപടികളും നടത്താൻ കഴിയും. ഇവിടെ ഹൗസിംഗ്ബോർഡും അതുപോലുള്ള സ്ഥാപനങ്ങളും ലാൻഡ് അക്വിസിഷനുവേണ്ടി ശ്രമിക്കുന്നു. എന്നാൽ നമ്മുടെ റോഡുകളും വീതി കൂട്ടുന്നതിനു യാതൊരു ശ്രമവും പൊതുമരാമത്തുവകുപ്പിൽനിന്നോ ഗവൺമെന്റിൽനിന്നോ ഉണ്ടാകുന്നില്ല. രാജാക്കൻമാർ പണ്ട് പല്ലക്കിൽ കയറി സഞ്ചരിച്ചിരുന്ന കാലത്ത് റോഡുകൾക്കുണ്ടായിരുന്ന വീതി മാത്രമേ ഇന്നു നാഷണൽ ഹൈവേയുൾപ്പെടെയുള്ള റോഡുകൾക്കുള്ളു. തിരുവനന്തപുരം സിറ്റിയിൽ വന്നുചേരുന്ന റോഡുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ മണിക്കൂറുകൾ കാത്തുനിന്നാൽ മാത്രമേ ഒന്നു കടന്നുപോകാൻ പറ്റുകയുള്ളു. ആ റോഡുകൾ വീതികൂട്ടുന്നതിനു പ്രാഥമികമായ നടപടികൾപോലും എടുക്കാൻ ഗവൺമെൻറ് കൂട്ടാക്കുന്നില്ല, ഹൗസിംഗ്ബോർഡ് സ്ഥലം അക്വയർ ചെയ്ത് കെട്ടിടങ്ങൾ പണിയുന്നു. സന്തോഷം. സ്റ്റേറ്റഡിയത്തിനും മറ്റു

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾക്കും വേണ്ടി സ്ഥലം അക്വയർ ചെയ്യുന്നതും കൊള്ളാം, പക്ഷെ നമ്മുടെ തലസ്ഥാനത്തേയ്ക്ക് കയറിവരുന്ന റോഡുകളും ഇന്നും ആറേഴ് മീറ്റർ മാത്രം വീതിയുള്ള റോഡുകളായാണ് അവശേഷിക്കുന്നത്. ആ റോഡുകളും വീതികൂട്ടുന്നതിനുള്ള അക്വിസിഷൻ നടപടികളും തുടങ്ങുന്നതിന് പൊതുമരാമത്തു വകുപ്പ് ഒരു ചെറുവിരൽപോലും അനക്കുന്നില്ലെന്ന് ഞാൻ സാന്ദർഭികമായി പറയുന്നു.

ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചപോലെ കാലതാമസം ഉണ്ടാകുന്നതു വിവേചനപരമായി സ്റ്റേ ഉത്തരവുകളും നൽകുന്നതുകൊണ്ടാണ്. നമ്മുടെ തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ഉണ്ട്, അദ്ദേഹത്തിന്റെ മുമ്പിൽ ഏതു അക്വിസിഷൻ നടപടി സ്റ്റേ ചെയ്യണമെന്നു പറഞ്ഞ് ഏതു വിവരദോഷി ഒരു കടലാസു കൊണ്ടുകൊടുത്താലും അപ്പോൾ സ്റ്റേ ചെയ്യും. ആ വിവരം അദ്ദേഹത്തോട് ചോദിച്ചാൽ അദ്ദേഹം പറയുന്നതു വേണ്ടിവന്നാൽ സ്റ്റേചെയ്യും എന്നാണ്. സ്റ്റേ വെക്കേറ്റ് ചെയ്യാൻ വന്നാൽ അപ്പോൾ വെക്കേറ്റ് ചെയ്യും. സ്റ്റേക്കു വേണ്ടി ചെന്നാൽ അതു സ്റ്റേ ചെയ്യേണ്ടതാണോ എന്നൊന്നും പരിശോധിക്കാതെ അതിന്റെ ബാക്ക് ഫയൽ പഠിക്കാതെ കാര്യങ്ങളൊന്നും മനസ്സിലാക്കാതെ സ്റ്റേ ചെയ്യുന്ന, ഭരണം നയമാണെന്നു ഞാൻ പറയുന്നില്ല, വിവരംകെട്ട നയമാണ് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി എടുക്കുന്നത്. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെസംബന്ധിച്ചിടത്തോളം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന നടപടികളെല്ലാം തടസ്സപ്പെട്ടു കിടക്കുന്നു. ഇതിനെ സംബന്ധിച്ചു മാറിമാറി പരസ്പരം വൈരുദ്ധ്യമുള്ള ഉത്തരവുകളാണ് ബഹുമാനപ്പെട്ട സുന്ദരംമന്ത്രി കഴിഞ്ഞ മൂന്നുവർഷമായി കൊടുത്തുകൊണ്ടിരിക്കുന്നത്.

അഡ്വാൻസ് പൊസഷനെ സംബന്ധിച്ചു ഇപ്പോൾ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു അഡ്വാൻസ് പൊസഷൻ കിട്ടിക്കഴിഞ്ഞാൽ 80 ശതമാനം എമൗണ്ട് നേരത്തെതന്നെ കൊടുക്കണമെന്നാണ്. ഈ തീരുമാനം സ്വാഗതാർഹമാണ്. പക്ഷെ എന്നു മുതലാണോ ഭൂമി ഗവൺമെന്റിൽ നിക്ഷിപ്തമാകുന്നതു, എന്നു മുതലാണ് അഡ്വാൻസ് പൊസഷൻ കൊടുക്കുന്നതു അന്നു മുതൽതന്നെ ആറു ശതമാനം പലിശ കണക്കാക്കുന്ന ഒരു സമ്പ്രദായം നേരത്തെതന്നെ ഉണ്ട്. എന്നാൽ നോട്ടിഫൈ ചെയ്യുന്നതിനുമുമ്പു ഗവൺമെന്റ് കൊടുക്കേണ്ട ഒരു നിർദ്ദേശം ഉണ്ട്. ഇപ്പോഴത്തെ പുതിയ 4 (1) അനുസരിച്ചു നോട്ടിഫൈ ചെയ്തു എൻക്വയറി ഫലപ്രദമാക്കുകയും കൂടുതൽ പ്രായോഗികമായ വിധത്തിൽ സ്ഥലം എടുക്കുകയും ചെയ്യാൻ തീരുമാനിക്കുമ്പോൾ, വീടുകളും സ്ഥലങ്ങളും നമ്മൾ അക്വയർ ചെയ്യുമ്പോൾ അവിടത്തെ താമസക്കാരെ അവിടെനിന്നു പത്തുപതിനഞ്ചു കിലോമീറ്റർ മാറ്റി താമസിപ്പിക്കാതെ, അവർക്കു ബിസിനസ് നടത്തുന്നതിനും മറ്റു കാര്യങ്ങൾക്കും വേണ്ടി അവിടെനിന്നു വിദൂരമല്ലാത്ത സ്ഥലത്തു സ്ഥലം അക്വയർ ചെയ്തു ഒഴിപ്പിക്കപ്പെട്ട ആളുകളെ പുതിയ സ്ഥലത്തേയ്ക്കു മാറ്റുന്നതിനുള്ള സംവിധാനം, ഭൂമി ഗവൺമെന്റ് കൈവശപ്പെടുത്തുമ്പോൾതന്നെ ഉണ്ടാകണം. അതായത് ഗവൺമെന്റ് കൈവശപ്പെടുത്തിയ ഭൂമിയിൽ താമസിക്കുന്ന ആളുകളെ മാറ്റി താമസിപ്പിക്കാനുള്ള സംവിധാനംകൂടി ലാൻഡ് അക്വിസിഷൻ സമയത്തുതന്നെ ഉണ്ടാകണം. അതിനുള്ള ഒരു ഭേദഗതികൂടി ഈ ലാൻഡ് അക്വിസിഷൻ ഭേദഗതി ആക്റ്റിൽ ചേർക്കണമെന്നാണ് എന്റെ അഭിപ്രായം. ഗവൺമെന്റ് ഭൂമി അക്വയർ ചെയ്യുമ്പോൾ അവിടെ അഞ്ചെട്ടു വീട്ടുകാർ കാണും. ഗവൺമെന്റ് ഭൂമി അക്വയർ ചെയ്തു സ്ഥലം കൈവശം കിട്ടുമ്പോൾ ആ വീട്ടുകാരോട് വീടും പൊളിച്ച് എവിടെയെങ്കിലും പൊയ്ക്കോ എന്നുപറയുന്ന സമ്പ്രദായം മാറ്റി ഗവൺമെന്റ് ഭൂമി അക്വയർ ചെയ്യുന്ന സമയത്തുതന്നെ ഈ വീട്ടു

LIBRARY ARCHIVES Kerala Legislative Assembly

കാരെ താമസിപ്പിക്കുന്നതിനുവേണ്ടിയുള്ള സ്ഥലം കൂടി അക്വയർ ചെയ്തു അവരെ അങ്ങോട്ട് റീഹാബിലിറ്റേറ്റ് ചെയ്യുന്നതിനുള്ള വകുപ്പുകൂടി ഇതിൽ എഴുതിച്ചേർത്താൽകൊള്ളാമെന്നു എനിക്കഭിപ്രായം ഉണ്ട്. രണ്ടു സ്ഥലവും അക്വയർ ചെയ്യുന്നതു ഒരേ സമയത്തായിരിക്കണം. ഇങ്ങനെയുള്ള ചില നിർദ്ദേശങ്ങളാണ് എനിക്കു വയ്ക്കാനുള്ളത്.

ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന നടപടി താമസിക്കുന്നത് ഗവൺമെന്റിന്റെ ചുവപ്പുനാടകൊണ്ടാണ്, അല്ലാതെ നിയമത്തിന്റെ വലിയ തടസ്സങ്ങൾ കൊണ്ടല്ല. ഈ നിർദ്ദേശങ്ങളോടുകൂടി ബഹുമാനപ്പെട്ട റവന്യൂമന്ത്രി സഭയിൽ അവതരിപ്പിച്ച ലാൻഡ് അക്വിസിഷൻ ആക്ടിലെ ഭേദഗതി നിർദ്ദേശങ്ങളെ ഞാൻ പിന്താങ്ങുന്നു, അംഗീകരിക്കുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, 90 വർഷങ്ങൾക്കുമുമ്പ് കേന്ദ്ര ഗവൺമെന്റ് നടപ്പിൽ വരുത്തിയ ലാൻഡ് അക്വിസിഷൻ ആക്ട് ഇപ്പോഴും ജമ്മു-കാശ്മീർ സംസ്ഥാനമൊഴികെ ഇന്ത്യ ഒട്ടാകെ ബാധകമാക്കിയിരിക്കുകയാണ്. ഈ നിയമത്തിൽ പല അപാകതകളും ഉണ്ട്. അത് ഇവിടെ പറഞ്ഞിട്ട് കാര്യമില്ല. കാരണം ഭൂപരിഷ്കരണ നിയമം വന്നതിനുശേഷം പല മാറ്റങ്ങളും വന്നിട്ടുണ്ട്. അതൊന്നും ഈ ലാൻഡ് അക്വിസിഷൻ നിയമത്തിൽ വരുകയില്ല. കാരണം 90 വർഷങ്ങൾക്കുമുമ്പ് ബ്രിട്ടീഷുകാർ നടപ്പിലാക്കിയ നിയമമാണ്. അത് അതേപോലെ എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാക്കി. അതുകൊണ്ടാണ് ഈ നിയമത്തിന്റെ പോരായ്മകൾ ഈ നിയമസഭയിൽ പറഞ്ഞിട്ട് കാര്യമില്ലെന്ന് ഞാൻ പറഞ്ഞതും. നമ്മുടെ തലയിലും ഭരണഘടനാപരമായി അത് ബാധകമാണ്. കേന്ദ്രനിയമത്തിൽ കാലതാമസം ഒഴിവാക്കാൻവേണ്ടി യൂണിയൻ ഗവൺമെന്റും സ്റ്റേറ്റ് ഗവൺമെന്റുകളുമാണ് തീരുമാനം എടുക്കേണ്ടതെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ അത് വളരെ കാലതാമസത്തിന് ഇടവരുത്തുമെന്നുള്ളത് തർക്കമില്ലാത്ത കാര്യമാണ്. ആ കാരണങ്ങളാണ് ഈ അധികാരം കളക്ടർമാർക്കും റവന്യൂബോർഡിനും നൽകാനുള്ള ഭേദഗതി ; ഈ ഭേദഗതിയെ ഞാൻ പൂർണ്ണമായി പിന്താങ്ങുന്നു, ഇത്രയുമാണ് എനിക്ക് ഇതിനെക്കുറിച്ച് പറയാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ബ്രിട്ടീഷുകാർ ഉണ്ടാക്കിയ ഒരു സെൻട്രൽ ആക്ടാണ് ഇന്ന് നിലനിൽക്കുന്നത്. അതിന്റെ ചെറിയ ഭേദഗതിയാണ് ഈ സഭയുടെ മുമ്പാകെ മന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. അതിനെ പൊതുവിൽ ഞാൻ സ്വാഗതം ചെയ്യുകയാണ്. സെൻട്രൽ ആക്ടിൽതന്നെ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിന് ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന ആക്ടിൽതന്നെ മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. നമ്മുടെ മുഖ്യമന്ത്രി ശ്രീ. കരുണാകരനേക്കാൾ പ്രായമുള്ള ആക്ടാണ് ഇന്ത്യയിലെ ലാൻഡ് അക്വിസിഷൻ ആക്ട്. ഈ ആക്ടിൽ ഇന്നത്തെ പുതിയ കാലത്തിനനുസരിച്ചുള്ള ഭേദഗതികൾ വരുത്താൻ മുന്നോട്ടുവരേണ്ടതുണ്ട്. ഇവിടെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി അവതരിപ്പിച്ചിട്ടുള്ള ഭേദഗതി ലാൻഡ് അക്വിസിഷൻ നടപടി ത്വരിതപ്പെടുത്തുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ്. പക്ഷേ ഇവിടെ ലാൻഡ് അക്വിസിഷൻ നടപടി ധൃതഗതിയിൽ നടക്കാത്തതിന് കാരണം ഈ നിയമം ഇല്ലാത്തതു മാത്രമല്ല.

ലാൻഡ് അക്വിസിഷൻ നടപടികളെ ഗവൺമെന്റ് തന്നെ തുരങ്കം വയ്ക്കുന്ന സംഭവങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു. പല വികസന പ്രവർത്തനങ്ങൾക്കും വേണ്ടി ഭൂമി പൊന്നുംവിലയ്ക്ക് എടുക്കാറുണ്ട്. റോഡുകൾ വീതി കൂട്ടുന്നതിനും ഭൂമി പൊന്നും വിലയ്ക്ക് എടുക്കാറുണ്ട്. അഡ്വാൻസ് പൊസഷൻ കൊടുത്താൽ, ഭൂമി മുൻകൂട്ടി കൊടുത്താൽ, അതിനുള്ള നഷ്ടപരിഹാരം കൊടുക്കുന്നതിനെക്കുറിച്ച് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഭൂമി മുൻകൂട്ടി ഏൽപിച്ചുകൊടുത്താൽ, അഡ്വാൻസ് പൊസഷനിൽ എടുത്താൽ അവർക്ക് ഉള്ള നഷ്ടപരിഹാരം കൊടുക്കുന്നതിന് ഇന്നു വളരെയേറെ കാലതാമസം വരികയാണ്. എന്റെ നിയോജകമണ്ഡലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ തലശ്ശേരിയിൽ കോടിയേരി-പാനൂർ റോഡ് വീതികൂട്ടുന്നതിനു വേണ്ടി റോഡിന്റെ ഇരു ഭാഗത്തുമുള്ള ഭൂമി അഡ്വാൻസ് പൊസഷനിൽ എടുത്തിട്ട് വർഷം മൂന്നു കഴിഞ്ഞു. പക്ഷേ ഭൂമി ഏറെറടുത്തവർക്ക് ഇതുവരെ നഷ്ടപരിഹാരം കൊടുക്കുന്നതിന് റവന്യൂ ഡിപ്പാർട്ടുമെൻറിലെ ഉത്തരവാദപ്പെട്ട ആളുകൾ തയ്യാറായിട്ടില്ല എന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭൂമി ഏൽപിച്ചുകൊടുത്താൽ ആ ഭൂമിക്കുള്ള നഷ്ടപരിഹാരം കൊടുക്കുന്നതിൽ ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന ഉദാസീനത കാരണം അഡ്വാൻസ് പൊസഷൻ കൊടുക്കുന്ന കാര്യത്തിൽ ഭൂമിയുടെ ഉടമസ്ഥൻമാർ വിമുഖത കാണിക്കുന്ന അവസ്ഥ ഉണ്ടായിരിക്കുകയാണ്. നമ്മുടെ നാട്ടുകാർക്ക് പൊതുവിൽ വികസനപ്രവർത്തനങ്ങളോടു സഹകരിക്കുന്ന മനോഭാവമുണ്ടെങ്കിലും ഭൂമി മുൻകൂട്ടി ഏൽപിച്ചുകൊടുത്താൽ അവർക്ക് കൃത്യസമയത്ത് നഷ്ടപരിഹാരം കൊടുക്കുന്നില്ല എന്ന ആക്ഷേപം പൊതുവിൽ ഉയർന്നുവന്നിട്ടുണ്ട്.

ജലസേചനപദ്ധതിക്കുവേണ്ടിയുള്ള കനാൽ നിർമ്മിക്കുന്നതിനുവേണ്ടിയും മറ്റും ഭൂമി അകവിസിഷൻ നടപടികൾക്ക് വിധേയമാക്കാറുണ്ട്. അഡ്വാൻസ് പൊസഷൻ കിട്ടിക്കഴിഞ്ഞാൽ നഷ്ടപരിഹാരം കൊടുക്കുന്ന കാര്യത്തിൽ ഗവൺമെൻറ് വളരെയേറെ ഉദാസീനത കാട്ടിക്കൊണ്ടിരിക്കുകയാണ്. നഗര വികസനത്തിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭൂമി വിലയ്ക്ക് എടുക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്. നേരത്തെ ശ്രീ വി. ജെ. തങ്കപ്പൻ ചൂണ്ടിക്കാണിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുമ്പോൾ ആ നടപടികൾ സ്റേറ ചെയ്യുന്ന ഒരു മന്ത്രിയാണ് നിർഭാഗ്യവശാൽ ഇന്നു നമ്മുടെ സംസ്ഥാനത്തുള്ളത്. തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സുന്ദരംസ്വാമിയുടെ പ്രധാന പണി സ്റേറ കൊടുക്കുകയാണ്. സ്റേറ എന്നുള്ളത് പ്രാണവായു ആണെന്നാണ് സുന്ദരംസ്വാമിയുടെ നിർവ്വചനം തന്നെ. ആരു ചെന്ന് പെറ്റീഷൻ എഴുതിക്കൊടുത്താലും അദ്ദേഹം സ്റേറ കൊടുക്കും.

എന്റെ നിയോജകമണ്ഡലത്തിൽ തലശ്ശേരിയിൽ ഒരു സംഭവമുണ്ടായി. അതിനേക്കുറിച്ച്, തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ലാൻഡ് അകവിസിഷൻ നടപടിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പ്രശ്നം ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കണമെന്നു ഞാൻ ഉദ്ദേശിക്കുകയാണ്. ഭൂമി പൊന്നും വിലയ്ക്ക് എടുക്കുന്നതു സംബന്ധിച്ച ഒരു പ്രശ്നമാണ് ഇത്.

ശ്രീ. കെ. ശങ്കരനാരായണപിള്ള : ഈ സഭയിലെ ഒരു അംഗമായ കോട്ടക്കുഴി സുകുമാരനെ പൊന്നുംവിലയ്ക്ക് എടുക്കാനായി കേരള കോൺഗ്രസ് ഒരു പ്രൊസീഡിംഗ്സ് നടത്തിയതിന്റെ സ്ഥിതി എന്താണെന്നറിയാമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പലരേയും പൊന്നുംവിലയ്ക്ക് എടുത്തുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെൻറ് ഓരോ ദിവസവും ആവശ്യമായി വരുന്നവരെ പൊന്നുംവിലയ്ക്ക് എടുക്കുന്നു. ഞാൻ പറഞ്ഞു വന്നത് ഭൂമി പൊന്നുംവിലയ്ക്ക് എടുക്കുന്ന കാര്യത്തെ സംബന്ധിച്ചാണ്. പട്ടണങ്ങളിൽ വികസനപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള അകവിസിഷൻ നടപടികൾക്ക് സ്റേറ കൊടുക്കുന്നു. ലോകബാങ്കിന്റെ സഹായത്തോടുകൂടി തലശ്ശേരിയിൽ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുള്ള ഒരു നിർദ്ദേശമുണ്ട്. അതിനുവേണ്ടിയുള്ള ഭൂമി അകവിസിഷൻ നടപടികൾക്ക് വിധേയമാക്കുവാൻ തലശ്ശേരി മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചു. ആ ഭൂമി അകവിസിഷൻ നടപടികൾക്ക് വിധേയമാക്കിയ നടപടിയെ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സ്റേറ ചെയ്തു. യഥാർത്ഥത്തിൽ ആ ഭൂമിയുടെ ഉടമസ്ഥൻ ഒരു കോടീശ്വരനാണ്. അങ്ങനെയുള്ള ആളുകൾ നഗരഭൂമി കുന്നുകൂട്ടിക്കൊണ്ടിരിക്കുന്ന കാലമാണ് ഇത്. നഗര

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ ഭൂമി കുന്നുകൂട്ടുന്നതിനെ നിയന്ത്രിക്കാൻ ഇവിടെ നിയമം ഇല്ല. ശ്രീ. പി. ജെ. ജോസഫിന്റെ ഒരു പ്രഖ്യാപനമുണ്ടായിരുന്നു. നഗരസ്വത്തിനു് പരിധി നിശ്ചയിക്കും എന്നു്. എവിടെപ്പോയി ആ പ്രഖ്യാപനം എന്നു ഞാൻ ചോദിക്കുകയാണു്. നഗരസ്വത്തിനു പരിധി നിശ്ചയിക്കും എന്ന പ്രഖ്യാപനം തന്നെ ഇന്നു കൊട്ടയിൽ ഇട്ടുവച്ചിരിക്കുകയാണു് ഇന്നു ശ്രീ. പി. ജെ. ജോസഫും, കേരളാ കോൺഗ്രസും ചെയ്തിരിക്കുന്നതു്. നഗരസ്വത്തിനു പരിധി നിശ്ചയിച്ചിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള ഭൂമി, നഗരത്തിൽ ഭൂമി കുന്നുകൂട്ടുന്നവരുടെ ഭൂമി, വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുവാൻ കഴിയുമായിരുന്നു. തലശ്ശേരിയിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി പൊന്നുംവിലയ്ക്കു് എടുക്കുന്ന നടപടി ഗവൺമെന്റു് സ്റ്റേ ചെയ്തു. അതിനെതിരെ വികസന സമിതി ഹൈക്കോടതിയിൽ പോയി. ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞതു് 15 ദിവസത്തിനകം തീരുമാനമെടുക്കണമെന്നാണു്. അതിനെ സംബന്ധിച്ച നടപടികൾ നടന്നുകൊണ്ടിരിക്കുകയാണു്. നിക്ഷിപ്ത താല്പര്യക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റു് തന്നെ മുന്നോട്ടുവരുമ്പോൾ എങ്ങനെയാണു് ഭൂമി പൊന്നും വിലയ്ക്കു് എടുക്കുന്ന നടപടി ത്വരിതഗതിയിൽ നടത്താൻ കഴിയുക എന്നാണു് നിങ്ങൾ പറയുന്നതു് ? ഗവൺമെന്റു് തന്നെ ഭൂമി പൊന്നുംവിലയ്ക്കു് എടുക്കുന്ന നടപടികൾ തടയുകയും ഇവിടുത്തെ പണക്കാർക്കും സ്ഥാപിത താല്പര്യക്കാർക്കുംവേണ്ടി, അവരെ സഹായിക്കുവാൻവേണ്ടി, ഉള്ള നടപടിയാണു് ഭൂമി പൊന്നുംവിലയ്ക്കു് എടുക്കുന്ന കാര്യത്തിൽ സ്വീകരിച്ചുവരുന്നതു്. പാവപ്പെട്ടവന്റെ കഴുത്തിനുപിടിക്കണമെന്നു നമ്മുടെ ഗവൺമെന്റിനു വലിയ വാശിയാണു്. പാവപ്പെട്ടവനെ തെരുവാധാരമാക്കുന്നതിനുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി റവന്യൂ ഡിപ്പാർട്ടുമെന്റു് ധൃതഗതിയിൽ മുന്നോട്ടുപോകുകയാണു്. എന്നാൽ പണക്കാരനാകുമ്പോൾ ഗവൺമെന്റു് വിറയ്ക്കും. പണക്കാരന്റെ കയ്യിലൂടെ ഭരണം നടത്തുന്ന ഒരു ഗവൺമെന്റാണു് ഇതു് എന്നുള്ളതുകൊണ്ടു് ഭൂമി പൊന്നുംവിലയ്ക്കു് എടുക്കുന്ന നടപടികൾ പല സ്ഥലങ്ങളിലും ഗവൺമെന്റിന്റെ താല്പര്യങ്ങൾക്കുവേണ്ടി വളച്ചൊടിക്കുകയാണു്. നിലവിലുള്ള നിയമത്തിൽ ഭേദഗതി ഉണ്ടാകുന്നില്ല എന്നു മാത്രമല്ല നിലവിലുള്ള നിയമംപോലും ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയുമുണ്ടു്. ഭൂമി പൊന്നുംവിലയ്ക്കു് എടുക്കുന്ന നടപടികൾ ധൃതഗതിയിൽ നടത്താൻ കഴിയാത്തവർ ഇപ്പോൾ ഈ ഭേദഗതി കൊണ്ടുവരുന്നതുകൊണ്ടു് മാത്രം ഈ ഭേദഗതികൾ ധൃതഗതിയിലാകും എന്ന അഭിപ്രായം എനിക്കില്ല. ഇതിൽ തെല്ലെങ്കിലും ആത്മാർത്ഥത കാണിക്കാൻ ഈ ഗവൺമെന്റു തയ്യാറാകണമെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണു്.

ശ്രീ. എ. കെ. പത്മനാഭൻ : സർ, ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിരിക്കുന്നതു് ലാൻഡ് അക്വിസിഷൻ നടപടികൾ ത്വരിതഗതിയിൽ നടത്താൻ വേണ്ടിയാണു്. ഇന്നു് ഒട്ടേറെ പ്രതിബന്ധങ്ങൾ ലാൻഡ് അക്വിസിഷൻ നടപടിയിൽ നമുക്കു് നേരിടേണ്ടിവരുന്നുണ്ടു്. ഭൂവുടമകളിൽനിന്നും അവർക്കു് ലഭിക്കുന്ന പ്രതിഫലം തുച്ഛമാണെന്നുള്ള പരാതി വരുന്നുണ്ടു്. മുൻപൊക്കെയാണെങ്കിൽ എന്റെ ഭൂമി അക്വയർചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഉദ്യോഗസ്ഥന്മാരെ ആളുകൾ സമീപിക്കാറുണ്ടായിരുന്നു. ഇന്നു് ഭൂമിയുടെ വില വർദ്ധിച്ച സാഹചര്യത്തിൽ അക്വിസിഷൻ നടപടികൾ എങ്ങനെയെങ്കിലും തടസ്സപ്പെടുത്തിക്കിട്ടാനുള്ള നടപടിയുമായിട്ടാണു് മുന്നോട്ടുപോകുന്നതു്. ഈ അടുത്ത ദിവസംതന്നെ സുപ്രീം കോടതി ഭൂമി പൊന്നുംവിലയ്ക്കു് എടുക്കുന്ന കാര്യത്തിനു് പ്രതിഫലം വർദ്ധിപ്പിക്കണമെന്നു് ഒരു വിധി പ്രഖ്യാപിച്ചു. അതുകൊണ്ടു് ഭൂമി പൊന്നും വിലയ്ക്കു് എടുക്കുന്ന സാഹചര്യത്തിൽ പ്രതിഫലം വർദ്ധിപ്പിക്കാനാവശ്യമായ ഇന്നത്തെ മാർക്കറ്റ് റേറ്റിനു് അനുസരിച്ചു് പ്രതിഫലം വർദ്ധിപ്പിക്കാനാവശ്യമായ, വിധത്തിലുള്ള ഭേദഗതി

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തിൽ കൊണ്ടുവരണം, അതിനുവേണ്ടി ഭേഗതി കൊണ്ടുവരണ മെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഇവിടെ നേരത്തെ പറഞ്ഞതു പോലെ ലാൻഡ് അക്വിസിഷൻ നടപടികളും തടസ്സപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് ഗവൺമെൻറാണ്. പൊതു വികസന പ്രവർത്തനങ്ങൾക്കാ വശ്യമായ പ്രവർത്തനങ്ങളെല്ലാം തടയുന്ന സമീപനമാണ് ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ നമ്മുടെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും എല്ലാ ലാൻഡ് അക്വിസിഷൻ നടപടികളും സ്റ്റേ ചെയ്യുന്ന സമീപനമാണ് ഉള്ളത്. എൻെറ നിയോജകമണ്ഡലത്തിൽ പേരാമ്പ്രയിൽ ഒരു മാർക്കറ്റിനുവേണ്ടി 1981-ൽ ലാൻഡ് അക്വിസിഷൻ നടപടി പൂർത്തിയാക്കി ജൂലൈ മാസത്തിൽ അതിൻെറ അവാർഡ് അടക്കം നിശ്ചയിച്ച് അതിൻെറ പിറേറദിവസം ഭൂവുടമയ്ക്ക് വേണ്ടി തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സ്റ്റേകൊടുത്തു. ഞാൻ ആ സ്റ്റേ വെക്കേറ് ചെയ്യണമെന്നു ബഹുമാനപ്പെട്ട മന്ത്രിയെ കണ്ട് നിവേദനം കൊടുത്തപ്പോഴും റിപ്പോർട്ട് വരട്ടെ എന്നാണ് പറഞ്ഞത്. ആ റിപ്പോർട്ടും ഞാൻ വാങ്ങിച്ചു കൊടുത്തു. സ്റ്റേ നടപടികളും ഗവൺമെൻറ് അടിയന്തിരമായി അവസാനി പ്പിക്കണം. അതുപോലെതന്നെ ലാൻഡ് അക്വിസിഷൻ നടപടികളും ത്വരിതപ്പെടു ത്തുന്നതിന് ആവശ്യമായ ഭേഗതി കൊണ്ടുവരണം. ഈ ഭേഗതിയെ ഞാൻ സ്വാഗതം ചെയ്യുന്നു ; എൻെറ വാക്കുകളും അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : സർ, ഈ നിയമഭേഗതിയെ അംഗീകരി ക്കുന്നതോടൊപ്പം പ്രധാനമായും ഭൂമി അക്വിസിഷൻ നടത്തുന്നതിനുള്ള കാലതാ മസത്തിനു മാറ്റു പലരും സൂചിപ്പിച്ചതുപോലെ പ്രധാനഘടകം സംസ്ഥാന ഗവൺമെൻറാണ്. തൃശ്ശൂർ ജില്ലയിൽ പ്രധാനമായും ഭൂമി 3 (1) നോട്ടിഫി ക്കേഷൻ നടത്തി മുനിസിപ്പൽ ഏരിയായിൽ മരവിപ്പിക്കുകയും പിന്നീട് അതിന് എക്സംപ്ഷൻ കൊടുക്കുകയും ചെയ്യുക എന്നത് വലിയ ഒരു വ്യവ സായമെന്ന നിലയിൽ നടത്തുന്നത് ഈ സഭയിൽത്തന്നെ പലപ്പോഴും പരാമർശി ക്കപ്പെട്ടതാണ്. ഇത് ഒഴിവാക്കുന്നതിനാവശ്യമായ പ്രത്യേകമായ നിർദ്ദേശങ്ങളും ഒന്നുംതന്നെ ഈ ഭേഗതി നിയമത്തിലില്ല എന്നുള്ളതാണ് വസ്തുത. നോട്ടി ഫിക്കേഷനുശേഷം യഥേഷ്ടം ഭൂമി ഏക്സംപ്റ്റ് ചെയ്യുന്നതിനുള്ള ഗവൺ മെൻറിൻെറ പരമാധികാരത്തിനു എന്തെങ്കിലും ലിമിറേഷൻ വേണമെന്നുള്ള പക്ഷക്കാരനാണ് ഞാൻ. രണ്ടാമതായി പൊതു ആവശ്യത്തിനുപോലും സർക്കാർ നേരിട്ട് അക്വയർ ചെയ്യുന്ന സ്ഥിതി മാറ്റിവച്ചിരിക്കുകയാണ്. ഉദാഹര ണത്തിന് കഴിഞ്ഞ രണ്ടാഴ്ചമുമ്പ് എറണാകുളം ജില്ലയിൽ എടപ്പള്ളിക്കടുത്ത് ഒരു കോക്കനട്ട് ഡെവലപ്മെൻറ് കോർപ്പറേഷൻെറ സോപ്പുവർക്സ് പ്ലാൻറിൻെറ ഒരു പ്രോജക്ടിന് നമ്മുടെ മുഖ്യമന്ത്രി തറക്കല്ലിട്ടു. ആ വസ്തു അക്വയർ ചെയ്തു ഈ സ്ഥാപനത്തിന് കിട്ടണമെന്നാണ് കോർപ്പറേഷൻ ആവശ്യ പ്പെട്ടത്. സർക്കാർ പറഞ്ഞു അക്വിസിഷനു കാലതാമസം വരും അതുകൊണ്ട് നെഗോഷിയേറ് ചെയ്യാമെന്ന്. നെഗോഷിയേറ് ചെയ്യുന്നതിനയച്ച കടലാ സിൽ കളക്ടർ വിലയിട്ടു മാക്സിമം കൊടുക്കാവുന്ന കാശ് 5,000-ൽ ശിഷ്ടം രൂപയാണ് സെൻറിന് എന്ന്. 5,000-ൽ ശിഷ്ടം രൂപയാണ് ഒരു സെൻറിന് മാക്സിമം കൊടുക്കാവുന്ന വിലയെന്ന് കളക്ടർ പറഞ്ഞതിനുശേഷം നെഗോ ഷിയേറ് ചെയ്ത് വിലയ്ക്കെടുത്തത് ഉദ്ദേശം 10,000 രൂപയോ കൂടുതലോ ഒരു സെൻറിന് കൊടുത്തുകൊണ്ടാണ്. ആ ഒരൊറ്റ കാര്യത്തിൽമാത്രം ലക്ഷ ക്കണക്കിന് രൂപ പൊതുസ്ഥാപനത്തിന് നഷ്ടം വന്നു. ആ കാശ് എവിടെ പ്പോയി എന്നെനിക്കറിഞ്ഞുകൂടാ. കോക്കനട്ട് ഡെവലപ്പ്മെൻറ് കോർപ്പറേ ഷൻെറ സോപ്പുവർക്സ് എക്സ്ട്രാക്ഷൻ പ്ലാൻറിനുവേണ്ടി, എടപ്പള്ളിയിൽ രണ്ടാഴ്ചയ്ക്കുമുമ്പ് തറക്കല്ലിട്ട സ്ഥാപനത്തിനുവേണ്ടി എടുത്ത സ്ഥലം നെഗോഷിയേറ് ചെയ്തത് എടുത്തതാണ്.

ശ്രീ. പി. പി. തങ്കച്ചൻ : ആ വസ്തു കൊച്ചിൻകോർപ്പറേഷൻെറ അതിർ ത്തിയിൽ നാഷണൽ ഹൈവേയോട് ചേർന്നവസ്തുവാണ്. അതിൻെറ

LIBRARY ARCHIVES Kerala Legislative Assembly

തൊട്ടടുത്ത വസ്തുവിന് കോടതിയിൽ പോയപ്പോൾ 10,000-ൽ കൂടുതൽ വില കൊടുക്കാൻ കോടതിയിൽ നിന്നും വിധിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത് ലാഭമാണ്. കാലതാമസവും ഒഴിവായി കിട്ടി.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : ശ്രീ. തങ്കച്ചൻ അതു ലാഭമാണെന്ന് പറയുമെന്നെനിക്കറിയാം. കാരണം ആദ്യം പള്ളുരുത്തിയിൽ ഒരു ബോട്ടുടമ സ്ഥലത്തിന്റെ വസ്തു വാങ്ങിക്കാനാണ് തീരുമാനിച്ചത്. കുഴപ്പംവന്നിട്ടാണ് ഇങ്ങോട്ട് മാറിയത്. അതുകൊണ്ട് പകുതി കാശ് അയാൾക്കും പകുതി കാശ് അതിന്റെ ഉൽസാഹികൾക്കും പകുതി കാശ് ധനലക്ഷ്മിബാങ്കിന്റെ അറ്റാച്ച്മെന്റിലേക്ക് കൊടുക്കുവാനുമുള്ള കണ്ടീഷനെക്കുറിച്ചൊക്കെ എനിക്കറിയാം. ഞാൻ ആരോപണമായിട്ട് ഈ ബില്ലിന്റെ ചർച്ചയിൽ ഉന്നയിച്ചില്ലെന്നേയുള്ളു. ശ്രീ. തങ്കച്ചൻ അതിലെ പ്രതിയാണെന്ന് ഇപ്പോഴാണ് മനസ്സിലായത്. വേറെ ചിലരാണെന്നാണ് ഞാൻ കേട്ടിരുന്നത്. ഒരു ബില്ലിന്റെ ചർച്ചയിൽ ഈ കേസ് പറയാൻ ഉദ്ദേശിച്ചതല്ല. തങ്കച്ചൻ കള്ളനാണെന്ന് സ്വയം വിളിച്ചുപറഞ്ഞാൽ എനിക്ക് രക്ഷിക്കാനാവില്ല. ഞാൻ പറഞ്ഞുവന്നത്, ഇങ്ങനെ സർക്കാരിന്റെ പൊതു ആവശ്യത്തിന് ഭൂമിയെടുക്കുമ്പോൾ അതിങ്ങിനെ കച്ചവടസംരംഭമാക്കി മാറ്റുന്ന സ്ഥിതിക്ക് മാറ്റം വരുത്തുന്നതിനും വേഗത്തയിൽ അക്വയർചെയ്തു എടുക്കുന്നതിനും ആവശ്യമായിട്ടുള്ള വ്യക്തമായ നിയമനിർദ്ദേശനടപടികൾ ഇതിൽ ഇല്ല. രണ്ടാമത് യഥേഷ്ടം നോട്ടിഫിക്കേഷനുശേഷം ഭൂമി എക്സംപ്റ്റുചെയ്തു കൊടുക്കുന്നതിന്—അതിവിടെ പറഞ്ഞത് തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയെ സംബന്ധിച്ചാണ്. മാറ്റു കാര്യത്തിലൊക്കെ എനിക്ക് നല്ല അഭിപ്രായമാണുള്ളതെങ്കിലും നമ്മുടെ റവന്യൂവകുപ്പുമന്ത്രിയും ഇക്കാര്യത്തിൽ ഒട്ടും പിന്നിലല്ല. എന്തോ സമ്മർദ്ദങ്ങളുടെ ഫലമായിട്ടായിരിക്കണം. ഇങ്ങനെ വാദിച്ചു വാദിച്ചു എക്സംപ്ഷൻ കൊടുക്കുന്നതുകൊണ്ട് പാവപ്പെട്ടവന്റെ ഭൂമി അക്വയർ ചെയ്യാനും കഴിയും, പണക്കാരന് എക്സംപ്ഷൻ കിട്ടുകയും ചെയ്യും. എക്സംപ്ഷൻ വാങ്ങിക്കാൻ കഴിയുമെന്ന ധൈര്യംകൊണ്ട് നോട്ടിഫിക്കേഷനുശേഷം മരവിപ്പിച്ച ഭൂമി വിലയ്ക്കുവാങ്ങിച്ച് കച്ചവടം ചെയ്യുക എന്നുള്ളത് ഈ രാജ്യത്തെ ഏറ്റവും വലിയ രാഷ്ട്രീയകച്ചവടമായി മാറിയിരിക്കുന്നു. ആ മോശപ്പെട്ട സ്ഥിതി മാറ്റുന്നതിനാവശ്യമായ നിർദ്ദേശം കൂടി നിയമത്തിൽ വേണമെന്ന് ഓർമ്മിപ്പിച്ചു കൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, പദ്ധതികൾക്കാവശ്യമുള്ള ഭൂമി ഏറ്റെടുക്കുന്നത് ത്വരിതപ്പെടുത്താൻ വേണ്ടിയാണ് ഇവിടെ ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്നാണ് പറഞ്ഞത്. തീർച്ചയായും അത് ആവശ്യമുള്ള കാര്യമാണ്. എന്നാൽ ഇന്നു നടക്കുന്ന ഇത്തരം കാര്യങ്ങളിൽ പോരായ്മയുണ്ട്. സാധാരണ പാവപ്പെട്ട ആളുകളെ ദ്രോഹിക്കാൻ വേണ്ടിയാണിതെന്ന് ഇപ്പോൾ നിലവിൽ നടക്കുന്ന കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ട്. ഈ രംഗത്തു പ്രവർത്തിക്കുന്ന റവന്യൂ ഉദ്യോഗസ്ഥൻമാരെ സംബന്ധിച്ച് പല പരാതികളും പല പരാമർശനങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ താൽപ്പര്യമുള്ള, ഇത്തരം പദ്ധതിപ്രവർത്തനങ്ങളിൽ മാത്രം കേന്ദ്രീകരിച്ച് സ്ഥിരമായി പ്രവർത്തിക്കാനാഗ്രഹിക്കുന്ന ചില ഉദ്യോഗസ്ഥൻമാരുണ്ട്. ഇത്തരം ആളുകൾക്ക് മറ്റു മേഖലകളിലൊന്നും പ്രവർത്തിക്കാനേ താൽപ്പര്യമില്ല. ഭൂമി ഏറ്റെടുക്കൽ നടപടി മാത്രമേയുള്ളു. അതിനുവേണ്ടി എന്തിനാണ് ഇത്രയും താൽപ്പര്യമെടുക്കുന്നത്? ഇവിടെ മറ്റു മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ ധാരാളം പോരായ്മകൾ ഉള്ളതിനോടൊപ്പം പല കൃത്രിമങ്ങളും നടത്തി അമിതമായി സ്വത്ത് സമ്പാദിക്കാൻ ഈ മേഖലയിലെ ഉദ്യോഗസ്ഥൻമാർക്കു കഴിയുമെന്ന് സൂചിപ്പിക്കുന്ന ഒട്ടേറെ റിപ്പോർട്ടുകൾ പല സന്ദർഭങ്ങളിലും വന്നിട്ടുണ്ട്. മാതൃഭൂമി ഉൾപ്പെടെയുള്ള പല പത്രങ്ങളിലും വന്നു ഒരു റവന്യൂ ഇൻസ്പെക്ടരുടെ കാര്യം. നമ്മുടെ രാമചന്ദ്രൻ മാസ്റ്റർക്ക് വളരെ അടുത്ത് അറിയാവുന്ന ഒരാളാണ്. അദ്ദേഹം പദ്ധതി പ്രവർത്തനങ്ങളിൽ മാത്രമേ സ്ഥിരമായിട്ടിരിക്കുകയുള്ളൂ. നേരത്തെ അദ്ദേഹം കാരാപ്പുഴ പദ്ധ

LIBRARY ARCHIVES Kerala Legislative Assembly

തിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പിനുവേണ്ടി ഇരുന്ന ആളാണ്. ചന്ദ്രൻ എന്നാണ് പേര്. റവന്യൂ ഇൻസ്പെക്ടറാണ്. സ്ഥലമെടുപ്പ് തഹസീൽദാരുടെ ഓഫീസിലേ ഇരിക്കുകയുള്ളൂ. ആ പദ്ധതിയുടെ പ്രവർത്തനത്തിൽ അദ്ദേഹം എത്രാണ്ട് പത്തു ലക്ഷത്തിൽപരം രൂപയുടെ സ്വത്ത് സമ്പാദിച്ചു. ശ്രീ. രാമചന്ദ്രൻ മാസ്റ്ററുടെ പാർട്ടിയുടെ ബ്ലോക്ക് പ്രസിഡൻറിന്റെ മരുമകനാണ് ആരോപണം. രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് സ്ഥിരമായി, പദ്ധതികൾക്ക് സ്ഥലമെടുക്കുന്ന പ്രവർത്തനങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുകയാണ്. ഇത് പത്രങ്ങളിലൊക്കെ വന്നതാണ്. പദ്ധതിക്കുവേണ്ടി സ്ഥലമെടുക്കുന്ന പ്രവർത്തനത്തിൽമാത്രം താൽപ്പര്യമെടുക്കുന്നത് എന്തുകൊണ്ടാണ്? റവന്യൂ ഉദ്യോഗസ്ഥൻമാരുടെ ഇഷ്ടാനുസരണം ആരോപണങ്ങൾ കൂട്ടിവയ്ക്കുകയോ കുറച്ചുവയ്ക്കുകയോ ചെയ്യാം വസ്തുവിനത്.

ശ്രീ. രമേശ് ചെന്നിത്തല: ശരിയായ പേര് അയച്ചുതരാൻ പറയണം. തെറ്റായ പേരൊന്നും തരരുതെന്ന് പറയണം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ശരിയായ പേര് ഞാൻ പറയാം. നിങ്ങളുടെ ബ്ലോക്ക് പ്രസിഡൻറ് ശ്രീ. പി. സി. രാഘവൻ നായരുടെ മകളുടെ ഭർത്താവ് ചന്ദ്രൻ. ഇത് മാതൃഭൂമിയിൽ വന്നതാണ്. സ്ഥിരമായി പദ്ധതിക്ക് സ്ഥലമെടുക്കുന്ന സ്ഥലത്തേ ഇരിക്കുകയുള്ളൂ. നമ്മുടെ രാമചന്ദ്രൻ മാസ്റ്റർക്ക് അറിയാവുന്ന ആളാണ്. റവന്യൂ ഇൻസ്പെക്ടറാണ്. തഹസീൽദാരുപോലുമല്ല. എത്ര ലക്ഷം രൂപയുടെ സ്വത്ത് ഈ പദ്ധതികളുടെ സ്ഥലമെടുപ്പിൽ കൂടി മാത്രം സമ്പാദിച്ചുവെന്ന് രാമചന്ദ്രൻ മാസ്റ്റർ തന്നെ ഒന്നന്വേഷിച്ചാൽ മനസ്സിലാകും.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: എന്റെ പേര് പല തവണയായി ഇവിടെ ഉപയോഗിക്കുന്നു. സത്യവിരുദ്ധമായ പ്രസ്താവനകൾ നടത്തി നിയമസഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ? സി. പി. ഐ(എം) യിലെ ലോക്കൽ കമ്മിറ്റിയിൽ നിന്നും എന്തെങ്കിലും എഴുതിക്കിട്ടിയത് ഇവിടെ വന്ന് പറയുകയാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: രാമചന്ദ്രൻ മാസ്റ്റർ ചൊടിക്കാൻ സാധ്യതയുണ്ട്. കാരണം ഇദ്ദേഹം എൻ. ജി. ഒ. (ഐ) അസോസിയേഷൻ നേതാവാണ്. ആ രാഷ്ട്രീയ സ്വാധീനമുപയോഗിച്ച് പദ്ധതികൾക്ക് സ്ഥലമെടുക്കാൻ വേണ്ടിയുള്ള പ്രവർത്തനത്തിൽ മാത്രം താൽപ്പര്യമെടുത്ത് മുന്നോട്ടു പോവുകയാണ്. ഈ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുമ്പോൾ നമ്മുടെ വയലാർ രവിയുടെ പോലീസ് റവന്യൂ ഉദ്യോഗസ്ഥൻമാർക്ക് സഹായകമല്ലാതെ നിന്ന സംഭവം നമുക്കറിയാം. റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ സ്ഥലമെടുക്കാൻ പോകുമ്പോൾ ദോഷകരമായി കോൺഗ്രസ് (ഐ) യുടെ നേതൃത്വത്തിൽ ഒരു ഭാഗത്ത് പ്രവർത്തനം നടത്തുമ്പോൾ ആ ഉദ്യോഗസ്ഥൻമാരെ തടയാനും അവരെ ദേഹോപദ്രവമേൽപ്പിക്കാനും വേണ്ടി ശ്രീമാൻ രവിയുടെ പോലീസ് നിലനിൽക്കുന്നു. ഇത് സൂചിപ്പിക്കുന്നത് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും അത്തരം കാര്യങ്ങളിലുമല്ല ഇന്ന് താൽപ്പര്യം എന്നുള്ളതാണ്. ഈ നിയമ നിർമ്മാണം തീർച്ചയായും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ഇന്ന് ഈ മേഖലയിൽ നടക്കുന്ന പോരായ്മകൾ പരിഹരിക്കാൻ ഇതുകൊണ്ട് കഴിയുമോ? കളക്ടർമാർക്കു കൂടി അധികാരം കൊടുത്തതുകൊണ്ട് അല്ലെങ്കിൽ റവന്യൂ ബോർഡിനു കൂടി അധികാരം കൊടുത്തതുകൊണ്ട് അതിന്റെ മുകളിൽ ഇന്ന് ഇത്തരം കാര്യങ്ങളിൽ നടത്തുന്ന അമിതമായ രാഷ്ട്രീയ സ്വാധീനം, അഴിമതി മുതലായവ ഒഴിവാക്കാൻ ഇതുകൊണ്ടൊന്നും സാധ്യമാകുന്നില്ല. അത് ഒഴിവാക്കുന്നതിനുവേണ്ടി ശ്രദ്ധിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ് : സർ, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഇവിടെ സൂചിപ്പിച്ചതുപോലെ തന്നെ 1894-ലെ കേന്ദ്രനിയമത്തിന് 1984-ൽ കൊണ്ടുവന്ന ഭേദഗതി സാർവ്വത്രികമാക്കിയിരിക്കുന്നതാണ്. ഇതുകൊണ്ട് സ്വാഭാവികമായും ഉണ്ടാകുന്നത് ഇവിടെ ഇന്ന് നിലനിൽക്കുന്ന 1961-ലെ നിയമം Kerala Land Acquisition Act impliedly repealed ആയിരിക്കുകയാണ്. ഞാൻ പ്രസംഗിക്കാൻ ഉദ്ദേശിക്കുന്നത് ഈ ഒരു കാര്യം കൊണ്ടാണ്. ഈ നിയമംകൊണ്ട് 1961-ലെ കേരളാ ലാൻഡ് അക്വിസിഷൻ ആക്ട് പൂർണ്ണമായും implied repealing എന്നു പറയുന്ന രീതിയിൽ റിപ്പീലിംഗ് ആയിപ്പോയി. അങ്ങനെ വരുമ്പോൾ കേരളത്തിന്റെ പ്രത്യേകസ്വഭാവമുള്ള ചില കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടതായിരുന്നു എന്ന അഭിപ്രായക്കാരനാണ് ഞാൻ. അതുകൊണ്ട് എനിക്ക് ആദ്യമായി ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് കേരളാ ലാൻഡ് അക്വിസിഷൻ ആക്ട് 1961 പൂർണ്ണമായും റിപ്പീൽ ചെയ്യപ്പെടുന്ന ഈ സാഹചര്യത്തിൽ കേരളത്തിന്റെ പ്രത്യേകമായ പല സാഹചര്യങ്ങളേയും കണക്കിലെടുത്തുകൊണ്ട് കേരളത്തിനുമാത്രം ബാധകമാകുന്ന സമഗ്രമായ ഒരു ലാൻഡ് അക്വിസിഷൻ നിയമംകൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണമെന്നാണ്.

രണ്ടാമതായി ഒരു കാര്യം ഇവിടെ സൂചിപ്പിക്കാൻ ഉള്ളത് ഇപ്പോഴത്തെ നോട്ടിഫിക്കേഷൻ 4(1) ആയിരിക്കുന്നതും പഴയ നിയമത്തിലെ 3(1) നോട്ടിഫിക്കേഷനുമായിട്ടുള്ളതുമായ ഈ നോട്ടിഫിക്കേഷനാണ് ഈ നാടിന്റെ ഏറ്റവും വലിയ ശാപം. കേരളം മറ്റു പല സംസ്ഥാനങ്ങളേയും പോലെ സുലഭമായ ഭൂപ്രദേശമുള്ള സ്ഥലമല്ല. ഏറ്റവും കൂടുതൽ ആളുകൾ ഭൂമിക്കുവേണ്ടി ദാഹിക്കുന്ന സ്ഥലമാണ്. ജനസംഖ്യ കൂടുതലുള്ളതുകൊണ്ട് കൈവശമുള്ള ഭൂമി വളരെ ചുരുക്കവുമാണ്. മാത്രമല്ല നല്ല ഫലഭൂയിഷ്ഠമായതു കൊണ്ട് ആ ഭൂമി എല്ലാപേർക്കും കൃഷിചെയ്യാൻ കഴിയുന്നതു കൊണ്ട് ഭൂമി പോകുന്നത്കൊണ്ട് എല്ലാപേർക്കും വിഷമമുണ്ട്. ഇപ്പോൾ ഫ്രീസിങ്ങ് എന്നു പറഞ്ഞ ഒരു ഏർപ്പാടുണ്ട്. ശ്രീ. അരവിന്ദാക്ഷൻ സൂചിപ്പിച്ചതുപോലെ മൂന്നും നാലും കൊല്ലങ്ങളോളം ഫ്രീസ് ചെയ്യുകയാണ്. അതിൽ അഴിമതി നടക്കുന്നുണ്ട്. ഫ്രീസ് ചെയ്യുന്നത് എക്സംപ്ഷൻ വാങ്ങി അത് വില്പന നടത്തുന്നു. ഇത് അതിന്റെ ഒരു വശം മാത്രമാണ്. പക്ഷേ ഫ്രീസിങ്ങ് കൊണ്ട് ഉണ്ടാകുന്ന ബുദ്ധിമുട്ട് വർഷങ്ങളോളം അഞ്ച് സെന്റ് അല്ലെങ്കിൽ പത്ത് സെന്റ് അല്ലെങ്കിൽ ഇരുപത് സെന്റ് ഉള്ള ആളുകൾ ഈ ഫ്രീസിങ്ങിൽ ഉൾപ്പെട്ട് ഒന്നും ചെയ്യാൻ പറ്റാത്ത രീതിയിൽ കൈയും കാലും കെട്ടിയിട്ട ഒരു സ്ഥിതിവിശേഷത്തിലാണ്. അതിന് ഒരു പരിഹാരം കാണണം. ആ കാര്യത്തിന് ഒരു പരിഹാരം കാണത്തക്ക രീതിയിലുള്ള എന്തെങ്കിലും ഒരു സംവിധാനം ഉണ്ടാകണം. നഗരവികസന അതോറിറ്റികളുടെയെല്ലാം ഇന്നത്തെ ഒരു പ്രത്യേകതയായി ഇത് തീർന്നിരിക്കുകയാണ്. അവരുടെ ബുദ്ധിമുട്ട് മനസ്സിലാക്കാതെ സംസാരിക്കുകയല്ല. ആ ഫ്രീസിങ്ങ് അവസാനിപ്പിക്കുന്നതിനുവേണ്ടി എന്തെങ്കിലുമൊരു പരിഹാരം നോട്ടിഫൈ ചെയ്തു ഉടനെ ഒരു സംവിധാനം ഉണ്ടാക്കുന്നതിന് ഈ ബില്ലോടുകൂടിതന്നെ എടുക്കുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ പിൻതാങ്ങുന്നു.

ഡോക്ടർ കെ. സി. ജോസഫ് : നേരത്തെ ഒരു ധാരണയുണ്ടായിരുന്നു. ഇതിന്റെ ചർച്ച ഒരു മണിക്കൂറിൽ ഒതുക്കാമെന്ന്. അതുകൊണ്ട് ഈ ബില്ലിന്റെ ചർച്ച അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ക്ലോഷർ മോഷൻ ഞാൻ അവതരിപ്പിക്കുന്നു.

പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ഈ ബില്ലിനെ സഭയുടെ എല്ലാ ഭാഗത്തുനിന്നും സ്വാഗതം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. ഒടുവിൽ ശ്രീ. എ. സി. ജോസ് ഉന്നയിച്ചതുള്ള ആളുകൾ ഇവിടെ പറഞ്ഞത് ലാൻറ് ഫ്രീസ് ചെയ്യുക, അതിനുവേണ്ടി നോട്ടിഫിക്കേഷൻ ഇറക്കുക. മുമ്പ് 3(1) നോട്ടിഫിക്കേഷൻ ഇറക്കിയാൽ എത്ര വർഷം വേണമെങ്കിലും ഇങ്ങനെ ഫ്രീസ് ചെയ്തു ഭൂമി കിടക്കുമായിരുന്നു. ഈ അമൻറുമെൻറോടുകൂടി മൂന്നുവർഷം കൊണ്ട് അത് പൂർത്തിയാക്കണമെന്നാണ്. മൂന്നുവർഷം കൊണ്ടു പൂർത്തിയാക്കുന്നില്ലായെങ്കിൽ ആട്ടോമാറ്റിക്ക് ആയിട്ട് അത് ക്യാൻസലാകും. അതുപോലെ വളരെ കൊല്ലം അങ്ങനെ ഇട്ടാൽ മൂന്നുവർഷം തന്നെ കിടക്കുന്നുവെങ്കിലും മൂന്നു വർഷമെടുക്കണമെന്നില്ല. ഒരു കൊല്ലം കൊണ്ടോ രണ്ടുകൊല്ലംകൊണ്ടോ പൂർത്തിയാക്കാം. 4(1) നോട്ടിഫിക്കേഷൻ ഇറക്കുന്ന അന്നുമുതൽ പ്രിലിമിനറി നോട്ടിഫിക്കേഷൻറെ സമയം മുതൽ 12 ശതമാനം പലിശ കൊടുക്കാൻ കൂടി വ്യവസ്ഥ ഉണ്ടാക്കിയിട്ടുണ്ട്. ഇത് കാലതാമസം ഉണ്ടാകുന്നത് തടയാനുള്ള ഒരു മാർഗ്ഗം കൂടിയാണ്.

അതുപോലെ ഭൂമിക്ക് സ്റേറ കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞു. ഈ നടപടികൾ സ്റേറ ചെയ്യുന്നത് ഇന്ന് കാര്യമായി നടത്തുന്നില്ല എന്നു തന്നെ എനിക്കു പറയാൻ കഴിയും. അതുപോലെ ഹൗസിങ്ങ് ബോർഡിൻറെ അക്യുസിഷനെക്കുറിച്ച് ഇവിടെ പറഞ്ഞു. സാധാരണ ഹൗസിങ്ങ് സ്കീം ഇന്ന് എല്ലാ പട്ടണങ്ങളിലും വളരെ പ്രാധാന്യം കൊടുത്ത് നടപ്പാക്കുന്ന ഒരു പരിപാടിയാണ്. ഈ സംസ്ഥാനത്ത് മാത്രമല്ല, ഇൻഡ്യയിലാകെ അർബൻ ഡെവലപ്പ്മെൻറിൻറെ പ്രധാനപ്പെട്ട ഒരു ഭാഗമാണിത്. അതുകൊണ്ട് വീട് വയ്ക്കാൻ ഭൂമി എടുക്കാൻ പാടില്ല എന്നുള്ള നയം ഗവൺമെൻറിന് സ്വീകരിക്കാൻ കഴിയുകയില്ല. പരമാവധി ദൃഷ്യം ഒഴിവാക്കിക്കൊണ്ട്, അസൗകര്യങ്ങൾ ഒഴിവാക്കിക്കൊണ്ട് ചെയ്യണമെന്നുള്ള നിർദ്ദേശം ഗവൺമെൻറ് തീർച്ചയായും കണക്കിലെടുക്കുന്നതാണ്. ആരേയും ഒഴിപ്പിക്കുന്ന ഒരു നടപടിയും ഇപ്പോൾ ഇല്ല. അത് ഇവിടെ ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്. ആളുകൾ തിങ്ങിപ്പാർക്കാത്ത സ്ഥലത്തു മാത്രമേ ഭൂമി എടുക്കാവൂ എന്നുള്ളതും ശരിയായിട്ടുള്ള ഒരു കാര്യമാണ്. പക്ഷേ കേരളത്തിൻറെ എല്ലാ ഭാഗത്തും എവിടെ നോക്കിയാലും 10 ഏക്കർ സ്ഥലമെടുക്കാൻ പോകുകയാണെങ്കിൽ അവിടെ ചുരുങ്ങിയത് അൻപതും അറുപതും ആളുകൾ താമസമുണ്ടാകും. അങ്ങനെ താമസിക്കുന്ന സ്ഥലം മാത്രം ഒഴിവാക്കിയിട്ട് ബാക്കി സ്ഥലം എടുക്കാനേ സാദ്ധ്യമാകൂ. വിജനമായ പ്രദേശങ്ങളൊന്നുംതന്നെ നമ്മുടെ സംസ്ഥാനത്ത് ഇല്ല. അതുകൊണ്ട് ഹൗസിങ്ങ് സ്കീമിന് വേണ്ടി കുറെയെല്ലാം ഭൂമി എടുക്കേണ്ടതായി വരും. അതുപോലെ മറ്റ് നഗരവികസന അതോറിറ്റികളുടെ ആവശ്യത്തിന്, വികസനപ്രവർത്തനങ്ങൾക്ക്, ഇറിഗേഷൻറെ ആവശ്യത്തിന് ഇതിനെല്ലാം ഭൂമി എടുക്കേണ്ടതായി വരും.

ശ്രീ. ഇ. കെ. നായനാർ : പാലക്കാട് പത്തും പതിനൊന്നും കൊല്ലമായി ഭൂമി ഫ്രീസ് ചെയ്തു വച്ചിരിക്കുകയാണ്.

ശ്രീ. പി. ജെ. ജോസഫ് : അതെല്ലാം ഇപ്പോൾ പുതിയ സെൻട്രൽ ആക്ട് വന്നതോടുകൂടി, ഈ നിയമത്തോടുകൂടി ക്യാൻസലായി. 3(1) നോട്ടിഫിക്കേഷൻ ഇറക്കി ഒരു വർഷത്തിനുള്ളിൽ ഡി. ഡി. പാസ്സാക്കുകയും മൂന്നുവർഷത്തിനുള്ളിൽ നടപടികൾ പൂർത്തിയാകുകയും ചെയ്യുന്നില്ലായെങ്കിൽ അതെല്ലാം ഇപ്പോൾ ക്യാൻസലായിപ്പോയിരിക്കുകയാണ്. അതൊന്നും ഇപ്പോൾ നിലനിൽക്കുന്നില്ല. അതുകൊണ്ട് ഈ കാലതാമസം ഒഴിവാക്കാനും വസ്തു ഉടമകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാനുമുള്ള ഈ നിയമം സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് ഒരിക്കൽക്കൂടി നിർദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണ പിള്ള : അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ജെ. തങ്കപ്പൻ : അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

1925-ലെ ഭൂമി വിലയ്ക്കെടുക്കൽ (കേരള ഭേദഗതി) ബിൽ റവന്യൂ, ഫിഷറീസ്, മൽസ്യ ബന്ധനം എന്ന രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

(2) 1985-ലെ കേരള ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈൽ സംരംഭങ്ങൾ (സംരംഭങ്ങൾ വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ

Minister for Industries (**Shri E. Ahamed**) : Sir, I introduce the Kerala Sick Textiles Undertakings (Acquisition and Transfer of Undertakings) Bill, 1985.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

Minister for Industries (**Shri E. Ahamed**) : Sir, I move that the Kerala Sick Textiles Undertakings (Acquisition and Transfer of Undertakings) Bill, 1985 be referred to Subject Committee-IV (Industry and Minerals).

Minister for Revenue (**Shri P. J. Joseph**) : Sir, I second it.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : 3 ടെക്സ്റ്റയിൽ മില്ലുകൾ ദേശസാൽക്കരിക്കാനുള്ള ഒരു നിയമമാണ് ഇത്. ഏറ്റുമാനൂരിലെ കോട്ടയം ടെക്സ്റ്റയിൽസ്, ചെങ്ങന്നൂരിലെ പ്രഭുറാം മിൽസ്, കോഴിക്കോട്ടെ മലബാർ സ്പിന്നിങ്ങ് ആൻറ് വീവിങ്ങ് മിൽസ് എന്നിവ ദുർഭരണവും തൻമൂലമുണ്ടായ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും കാരണം 1975-76 വർഷങ്ങളിൽ പൂട്ടിയിടുകയുണ്ടായി. ഇതിനെത്തുടർന്ന് സംസ്ഥാന ഗവൺമെൻറ് ആവശ്യപ്പെട്ടതനുസരിച്ച് ഇൻഡ്യാഗവൺമെൻറ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെൻറ് റഗുലേഷൻ ആക്ട് പ്രകാരം കോട്ടയം, മലബാർ മില്ലുകൾ 1978 ഫെബ്രുവരി മാസം 9-ാം തീയതിയും പ്രഭുറാം മിൽസ് 1978 ഫെബ്രുവരി മാസം 6-ാം തീയതിയും അതിൻറെ മാനേജ്മെൻറ് കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷനെ ഭരമേല്പിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻസ് പുറപ്പെടുവിച്ചു. അന്നുമുതൽ അതിൻറെ മാനേജ്മെൻറ് കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷനിലാണ്. പിന്നീട് അത് 28-2-1985 വരെ നീട്ടിക്കൊടുക്കുകയും ചെയ്തു. ഈ കാലഘട്ടത്തിൽ ഈ മില്ലുകളുടെ നവീകരണത്തിനും വികസനത്തിനും വേണ്ടി ടെക്സ്റ്റയിൽ കോർപ്പറേഷൻ 403 ലക്ഷം രൂപ—132 ലക്ഷത്തിൽപ്പരം രൂപ അതിൻറെ സ്വന്തം ഫണ്ടിൽ നിന്നും 270 ലക്ഷം രൂപ ബാങ്കിൽ നിന്നുമായി—ഇതിനുവേണ്ടി ചെലവഴിച്ചു. മില്ല് മാനേജ്മെൻറ് ഏറ്റെടുക്കുമ്പോൾ 42,000 സ്പിൻഡിൽസ് ആണ് അതിന് ഉണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അതിന് 62,248 സ്പിൻഡിൽസായി അത് വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അതിൻറെ പ്രൊഡക്ടിവിറ്റിയെ സംബന്ധിച്ചിടത്തോളം അത് ഏറ്റെടുക്കുന്ന കാലത്ത് ഒരു സ്പിൻഡിലിന് ഒരു ഷിഫ്റ്റിൽ 48 ഗ്രാം ഉണ്ടായിരുന്നത് മലബാർ സ്പിന്നിങ്ങ് മില്ലിന് 69 ഗ്രാമായി വർദ്ധിപ്പിക്കാനും, കോട്ടയം സ്പിന്നിങ്ങ് മില്ലിൻറെ പ്രൊഡക്ടിവിറ്റി ഒരു സ്പിൻറിലിന് ഒരു ഷിഫ്റ്റ് സമയം 50 ഗ്രാം ആയിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly